# പാരിജാതം

പുസ്തകം 2 | 1124 ധനു. | ലക്കം 5


22 FEB 1949

## മംഗളം.

(ഉള്ളൂർ)

തട്ടിപ്പറിക്കുമാമനക്കുമിഴിയെത്തെല്ലാൽ ശിരസ്സിൽജലം
കെട്ടിപ്പേറിന തേവർതൻകരളഴിച്ചുങ്ങ്ഗത്തിൽ നേർപാതിയും
അട്ടിപ്പേറെഴുതിക്കൊടുത്തരുവിച്ചിടുന്ന മാൻനേർമിഴി-
ക്കുട്ടിപ്പാർവ്വതി! ഞാൻനിനക്കടിമയാണെന്നോർക്കുമെന്നോക്കണേ!

---

## ആലക്തികസംസ്കാരം.

(ശ്രീ. പി. എൻ. മൂസ്സത്. ബി. എ, എൽ. ടി.)

—:○:—

വിജ്ഞാനശാസ്ത്രത്തിന്റെ അത്ഭുതകരങ്ങളായ കണ്ടുപിടുത്തങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് ആലക്തികസംസ്കാരം അഥവാ ഇലക്ട്രോകൾച്ചർ എന്നു പറയുന്നതു്. ആലക്തികചൈതന്യത്തിന്റെ(Electric energy) നാനാരൂപത്തിലുള്ള വിവർത്തമാണല്ലോ ജീവജാലം മുഴുവനും. ജീവചൈതന്യത്തിനാധാരമായ ജീവാണുകങ്ങളിൽ (Cells)കൂടിയാണ് ഈ ആലക്തികചൈതന്യം പ്രവർത്തിക്കുന്നതെന്നു സർവ്വവിദിതമാണ്. അതുകൊണ്ട് ആലക്തികശക്തിയുടെ പ്രയോഗത്താൽ ജീവാണുകങ്ങളെ ബലപ്പെടുത്തി വളർച്ചയെ അഭിവൃദ്ധിപ്പെടുത്തുകയും; ക്ഷയോന്മുഖതയെ തടയുകയും ചെയ്യാമെന്നാണ് ശാസ്ത്രദർശനം. വൃക്ഷലതാദികൾ, പക്ഷിമൃഗാദികൾ, മനുഷ്യർ എന്നീ മൂന്നു ജീവലോകങ്ങളിലും ആലക്തികസംസ്കാരംകൊണ്ടു മേൽപ്പറഞ്ഞ ഫലങ്ങൾ ഉല്പാദിപ്പിക്കാം. ജീവാണുകങ്ങളെ (life cells)ദൃഢപ്പെടുത്തി വളർച്ചയെ ത്വരിതപ്പെടുത്തുകയും, നാശത്തെ തടയുകയും ചെയ്വാൻ മാത്രമല്ല. രോഗങ്ങളിൽനിന്നു നിവൃത്തിനേടുവാൻകൂടി ആലക്തികപ്രയോഗം പ്രയോജനപ്പെടുമെന്നു പരീക്ഷിച്ചറിഞ്ഞിരിക്കുന്നു

ഇനി, ആലക്തികസംസ്കാരത്തിന്റെ അടിസ്ഥാനതത്ത്വവും പ്രയോഗരീതിയും എന്താണെന്നു വിവരിക്കാം. സജീവങ്ങളായ സർവ്വവസ്തുക്കളും ജീവാണുകമയങ്ങൾ (Composed of life cells) ആണല്ലോ. ഓരോ ജീവാണുകത്തിലും ഓരോ മദ്ധ്യവൈദ്യുതിപുഞ്ജവും (Nucleus) പുറമേ "പ്രോട്ടോപ്ലാസം" എന്നു പറയുന്ന പദാർത്ഥവുമുണ്ട്. ജീവൻ നിലനില്ക്കുന്നതുവരെ ഈ ജീവാണുകങ്ങളിൽ ആലക്തികവ്യാപാരങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വ്യതിരേകമട്ടിൽ പറയുന്നതായാൽ ആലക്തികവ്യാപാരങ്ങൾ നടന്നുകൊണ്ടിരിക്കുന്നതുവരെ ജീവാണുകങ്ങൾ സജീവങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ജീവാണുകത്തിന്റെ വ്യാപാരങ്ങളെ പ്രതിബന്ധിക്കയോ പ്രേരിപ്പിക്കയോ ചെയ്യുന്ന ഹേതു ഏതായാലും അതു, അതിലെ ആലക്തികവ്യാപാരത്തെയും പ്രതിബന്ധിക്കയോ പ്രേരിപ്പിക്കയോ ചെയ്യുന്നു. അതുകൊണ്ടു ഏതെങ്കിലും ജീവാണുകത്തിലെ ആലക്തികചൈതന്യത്തെ പ്രബലപ്പെടുത്തുന്ന പക്ഷം അതിന്റെ വ്യാപാരക്ഷമത വർദ്ധിക്കയും അതു ശരീരത്തിന്റെ മുഴുവനും വ്യാപാരക്ഷമതയുടെ ഉപബൃംഹണത്തിൽ പര്യവസാനിക്കയുംചെയ്യുന്നു. ആ

ലക്തികസംസ്കരണത്തിന്റെ അടിസ്ഥാനതത്വമിതാകുന്നു. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തി ആലക്തികസംസ്കാരംകൊണ്ടു ശാസ്ത്രജ്ഞന്മാർ നടത്തിവരുന്ന അത്ഭുതങ്ങൾക്കു കണക്കില്ല. ആരോഗ്യദാനവിഷയത്തിൽ ആലക്തികതക്കുള്ള വില ഭിഷഗ്വരന്മാർ സമ്മതിച്ചിട്ടുള്ള ഒന്നാണ്. പരിഷ്കൃതരാജ്യങ്ങളിലെ രോഗചികിത്സാകേന്ദ്രങ്ങളിൽ ആലക്തികതയെ ഒരു പ്രധാന ചികിത്സാസാധനമായി ഉപയോഗിച്ചുവരുന്നുണ്ട്. എങ്കിലും അത്തരം സ്ഥാപനങ്ങളിൽ ഈ ആലക്തികചികിത്സയ്ക്കു വലിയ ചിലവു ആവശ്യമാകയാൽ ചുരുക്കം ചില ധനികന്മാർക്കുമാത്രമേ അവകൊണ്ടുള്ള ഗുണം സിദ്ധിച്ചിരുന്നുള്ളു. എന്നാൽ അടുത്ത കാലത്തു ഏററവും ലഘുവായ യന്ത്രങ്ങളും ഉപകരണങ്ങളും ഉപയോഗിച്ചു് ആലക്തികസംസ്കരണം ഗ്രാമങ്ങളിൽക്കൂടി നടത്തിത്തുടങ്ങിയിരിക്കുന്നു. അങ്ങിനെ സാധുക്കൾക്കും ഇതിന്റെ നന്മ സമുപലഭ്യമായിട്ടുണ്ട്. എന്നാൽ മനുഷ്യലോകത്തിലേക്കാൾ ഇതു അധികം പ്രയോജനപ്പെടുത്തി വരുന്നതു് സസ്യലോകത്തിലും മൃഗലോകത്തിലുമാണ്.

ആലക്തികസംസ്കാരംകൊണ്ടു് കൃഷിയ്ക്കുണ്ടായിട്ടുള്ള ഗുണം അപരിമിതമാണ്. ദുർബ്ബലവും ക്ഷയോന്മുഖവുമായ സസ്യങ്ങളുടെ ജീവാണുകങ്ങളിൽ ആലക്തികസംസ്കാരം നടത്തുന്നതുകൊണ്ടു അവ പ്രബലങ്ങളും ഉപചീയമാനങ്ങളും ആയിത്തീരുന്നു. ഇങ്ങിനെ ആലക്തികപ്രയോഗം നടത്തുന്നതിന്നുപയോഗിക്കുന്നതു്, മാഗ്നറേറാ എന്ന ഒരു യന്ത്രമാണ്. ഉണങ്ങിപ്പോകാറായ കൊമ്പുകളെ രക്ഷിക്കുന്നതിന്നു് കൊമ്പിന്റെ കടയ്ക്കൽ ആലക്തികസംസ്കൃതമായ ഒരു നേരിയ കമ്പിവല [wire-ganze] ഘടിപ്പിക്കുന്നു. ഇതിൽനിന്നു ജീവാണുകങ്ങൾക്കു കിട്ടുന്ന സംസ്കാരത്താൽ ക്ഷയോന്മുഖത തടയപ്പെടുകയും വീണ്ടും ആ കൊമ്പു തളിർത്തുവരികയും ചെയ്യുന്നു. ആലക്തികസംസ്കാരപരീക്ഷണങ്ങൾ ആദ്യം സസ്യലോകത്തിലാണ് നടത്തിയതു്. പിന്നീട് അതു മൃഗങ്ങളിലും മനുഷ്യരിലും പ്രയോഗിക്കപ്പെട്ടു. 4 ഇഞ്ചുമുതൽ 6 ഇഞ്ചുവരെ വീതിയിൽ ഒരു മരത്തിന്റെ കടയ്ക്കൽ ചുററുവാൻ വേണ്ടത്ര നീളമുള്ള കമ്പിവല ചുററിച്ചേർത്തു് അതിൽക്കൂടി പ്രയോഗിക്കുന്ന റേഡിയോ-മാഗ്നററിക്ക് ചൈതന്യം ആ മരം സ്വീകരിച്ചു് അതിന്റെ സർവ്വജീവാണുകങ്ങളിലേയ്ക്കും വ്യാപരിപ്പിച്ചു് ക്ഷയോന്മുഖതയെ തടഞ്ഞു് വളർച്ചയെ അഭിവൃദ്ധിപ്പെടുത്തുന്നു. ഇങ്ങനെ ജീവാണുകങ്ങളെല്ലാം പ്രബലവും പൂർവ്വാധികം വ്യാപാരപരവും ആകുന്നതുകൊണ്ടു മരത്തിൽ ഏററവും വർദ്ധിച്ചതോതിൽ പുഷ്പങ്ങളും ഫലങ്ങളും ഉണ്ടാകയും ചെയ്യുന്നു. ഈ ആലക്തികതാപ്രയോഗത്തെ സഹായിക്കുന്നതിന്നും പൂർത്തിയാക്കുന്നതിന്നും മറെറാരുപായവുംകൂടി അംഗീകരിച്ചിട്ടുണ്ട്. അതു ജലസേചനത്തിന്നുപയോഗിക്കുന്ന വെള്ളത്തെ വൈദ്യുതീകരിക്കയാണ്. ഇങ്ങനെ വൈദ്യുതീകൃതമായ ജലത്തിന്നു് "അഗാസ്കാംകൃത" ജലമെന്നു പറയുന്നു. ഈ സമ്പ്രദായത്തിന്റെ ഉപജ്ഞാതാവിനെ അനുസ്മരിച്ചാണ് ഇങ്ങനെ പേരു നല്കിയിരിക്കുന്നതു്. ജലത്തെ വൈദ്യുതീകരിക്കുന്നതിന്, വൈദ്യുതജനനയന്ത്രമായ "മാഗ്നറേറാ"വിൽ ഘടിപ്പിച്ചിട്ടുള്ള ഒരു കമ്പിയുടെ മറേറ അററം ഒരു മൺപാത്രത്തിലെ ജലത്തിൽ ആമഗ്നമാക്കി വിദ്യുൽപ്രവാഹം അതിലേയ്ക്കു പ്രവഹിപ്പിക്കയാണ് ചെയ്യുന്നതു്. ഒരു വൈദ്യുതീകരണംകൊണ്ടുതന്നെ ആ വമ്പിച്ച പാത്രത്തിലെ ജലത്തിന്റെ ഗുണങ്ങളിൽ വലിയ മാററമുണ്ടാകും. ഈ ഉപായത്താൽതന്നെ കിണറുകളിലെയും തടാകങ്ങളിലെയും ജലങ്ങളെ വൈദ്യുതീകരിച്ചു് ജലസേചനം നടത്താം. ഈ വിധത്തിൽ ജലസേചനം ചെയ്യപ്പെടുന്ന കൃഷിസ്ഥലങ്ങളിൽ വിളവ് അധികം ഉണ്ടാകുമെന്നു അനുഭവസിദ്ധമാണ്. വിത്തുകൾ വിതയ്ക്കുന്നതിന്നുമുമ്പും ആലക്തികസംസ്കാരം ചെയ്യാറുണ്ട്. വൈദ്യുതീകൃതമായ ജലത്തിൽ വിത്തുകളെ ഒരു മണിക്കൂർ മുക്കിയിട്ടു് പിന്നെ കൈകളിൽ ഇന്ത്യാറബ്ബർ ഉറയിട്ട ശേഷം വിത്തുകളെടുത്തു വിതക്കുകയാണ് ചെയ്യുന്നതു്. ഈ സമ്പ്രദായത്തിന്റെ ഗുണങ്ങൾ ചുരുക്കത്തിൽ താഴെ പറയുന്നവയാണ്. ആലക്തികസംസ്കാരം ചെയ്ത ചെടികൾ അങ്ങനെ ചെയ്യാത്തവയെക്കാൾ കൂടുതൽ വേഗത്തിലും നന്നായ് തഴച്ചുവളരുന്നു. ഇലകൾക്കു അധികം നിറപ്പകിട്ടും ആരോഗ്യവും ഉണ്ടാവുന്നു. പുഴുക്കളും ഉപദ്രവകരങ്ങളായ പ്രാണികളും ചെടികളിൽ സ്പർശിച്ച ഉടനെ ചാവുകയോ ഭയപ്പെട്ടോടുകയോ ചെയ്യും. കാററ്, മഞ്ഞു എന്നിവയെയും മററും താങ്ങാനുള്ള ശക്തി ഫലങ്ങൾക്കു കിട്ടും, എന്നല്ല അവ അധികം വലിപ്പവും രുചിയും കഴമ്പുള്ളവയും ആവും. ആലക്തികസംസ്കാരം മുഴുവനും യഥാവിധി ചെയ്താൽ വിളവ് 25 ശതമാനം വർദ്ധിക്കുന്നതായി കണ്ടിരിക്കുന്നു. വിത്തുകൾ വേഗം മുളയ്ക്കുയും നേരത്തെ കായ്ക്കാൻ തുടങ്ങുകയും, വളരെക്കാലത്തോളം കായകൾ നല്കുകയും, കാലഭേദത്തെ വകവെക്കാതെ ഫലിക്കയും ചെയ്യുന്നതു് ഈ സംസ്

കാരംനിമിത്തം ഉണ്ടാവുന്ന പ്രത്യേക ഗുണങ്ങളാണ്. ഇതിനൊക്കെപുറമെ ക്ഷയോന്മുഖമായി ഉണങ്ങിത്തുടങ്ങിയ മരങ്ങൾ ഇതുനിമിത്തം തളിർക്കുവാനും ഇടയാകും. ഒരേ വയലിൽതന്നെ രണ്ടോമൂന്നോ വിളകൾ എടുപ്പാനും, ഇതുകൊണ്ടു സാധിക്കും. ഏതെങ്കിലും ഒരു കാലാവസ്ഥയിൽ നന്നായുണ്ടാവാൻ പ്രയാസമായ സസ്യത്തെ ഈ സംസ്കാരവിശേഷത്താൽ അവിടെ നന്നായി വളർത്തുവാൻ പ്രയാസമില്ലെന്നും ശാസ്ത്രജ്ഞന്മാർ പറയുന്നു.

ഇന്ത്യയിൽ ആലക്തികസംസ്കാരം ഒന്നാമതു് ശരിയായി ശാസ്ത്രീയരീതിയിൽ പ്രയോഗിച്ചു് കൃഷിസ്ഥലങ്ങളിൽ പരീക്ഷണം നടത്തിയതു് ഡോക്ടർ നെഹറു ഐ. സി. എസ്സ്. ആണ്. ഐക്യസംസ്ഥാനങ്ങളിലെ കലക്ടരായ അദ്ദേഹം മണിപരിഗ്രാമത്തിൽ നടത്തിയ ഏതദ്വിഷയകമായ പരീക്ഷണങ്ങൾ അത്യന്തം പ്രശസ്തങ്ങളും മാതൃകാഭൂതങ്ങളുമാണ്. അനവധി ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയെ ഈ പരീക്ഷണങ്ങൾ ആകർഷിച്ചു. വടക്കുപടിഞ്ഞാറെ അതിർത്തിസംസ്ഥാനത്തിലെ കൃഷിഡയറക്ടറായ ഡോക്ടർ റോയൽ ഈ പദ്ധതിയെ സ്വീകരിച്ചു് പിംഷവാർ ഗവൺമെണ്ടു ഫാറത്തിൽ പരീക്ഷിച്ചു് ഏററവും സന്തുഷ്ടനായി ആലക്തികസംസ്കാരത്തിന്റെ മേന്മയെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്.

മൃഗലോകത്തിലും ആലക്തികസംസ്കാരം അകുണ്ഠവ്യാപാരമാണ്. കറവുപശുക്കൾക്കുള്ള വെള്ളവും ആഹാരപദാർത്ഥങ്ങളും ആലക്തികസംസ്കൃതങ്ങളാക്കിയാൽ പാൽ 25 ശതമാനംകണ്ടു വർദ്ധിയ്ക്കുമെന്നു അനുഭവപ്പെട്ടിട്ടുണ്ട്. മററു മൃഗങ്ങൾക്കു ഇതുനിമിത്തം ശരീരബലം വർദ്ധിക്കുകയും, അവ അധികം പണിയെടുക്കുകയും, രോഗബാധയ്ക്കു ക്ഷണത്തിൽ വിധേയമാകാതിരിക്കുകയും, അധികംകാലം ജീവിച്ചിരിക്കുകയും ചെയ്യും. കറവുപശുക്കളായാൽ അവയുടെ വെണ്ണ സാധാരണയിൽ കവിഞ്ഞു വിശേഷമായി ഭവിക്കുകയും ചെയ്യും. ഈ സംസ്കാരം നല്കുന്ന കോഴികൾ അധികം മുട്ടയിടുകയും മുട്ടകൾ വേഗം വിരിക്കുകയും ഒന്നും നഷ്ടപ്പെടാതെ വിരിയുകയും ചെയ്യും. ഇങ്ങിനെ ആലക്തികസംസ്കാരം കൃഷിക്കാരന്നു് വലിയൊരനുഗ്രഹമാണ്.

വൈദ്യുതീകൃതജലം ഔഷധവീര്യമുള്ളതാകയാൽ മനുഷ്യന്മാരുടെ ഇടയിലും പലരോഗങ്ങളും അതുകൊണ്ടു മാററാവുന്നതാണ്. ഡോക്ടർ ലാകോവ്സ്കി (Dr. Lakhovsky) എന്ന ഒരു പരന്ത്രീസ്സു വൈദ്യൻ അതുകൊണ്ടു ഒരാളുടെ കുഷ്ഠരോഗം ചികിത്സിച്ചു മാറുകയുണ്ടായത്രെ. ആ ജലത്തിന്നു് രോഗാണുസംഹാരശക്തിയുണ്ടെന്നാണനുഭവം. വേദന, ഞരമ്പുസംബന്ധമായ രോഗങ്ങൾ, ഉറക്കമില്ലായ്മ, വാതം, തേൾക്കടി, ഉന്മാദം എന്നിവയിൽ അതു പ്രത്യേകം ഫലപ്രദവുമാണ്. ഈ മാതിരി പല രോഗങ്ങളും ഡോക്ടർ നെഹറു ഭേദപ്പെടുത്തിയതായി പറഞ്ഞുകേൾക്കുന്നുണ്ട്.

ഇങ്ങനെ നോക്കുമ്പോൾ ആലക്തികസംസ്കരണസമ്പ്രദായം മൂന്നു ലോകങ്ങളിലെ ജീവജാലങ്ങൾക്കും (സസ്യ, മൃഗ, മനുഷ്യ)ലോകത്തിലെ വമ്പിച്ചൊരനുഗ്രഹമാകയാൽ ഗ്രാമോദ്ധാരണപദ്ധതികളുടെ അനപേക്ഷ്യമായ ഒരംഗമായി അതു സ്വീകരിയ്ക്കുന്നതു നമ്മുടെ നാടിന്നു വളരെ ശ്രേയസ്കരമായിരിക്കും.

ശുഭം.

# ശ്രീ രാമകൃഷ്ണ പരമഹംസൻ.

II

[ശ്രീ. എം. ആർ. കൃഷ്ണവാര്യർ, ബി. എ., എൽ. ടി.]

ശാന്തിലബ്ധി.

തദീയാത്മബോധം തളിർപ്പിച്ചു സാന്ദ്രം
പ്രദീപിക്കുമാറേക [1]കാളീഗൃഹത്തിൽ,
തദീയാർച്ചനാകർമ്മസർവ്വാധികാരം
സദീർഘാഭിലാഷാനുസാരം, ലഭിച്ചു. 1

[1] റാണിരാസ്മണിദേവിയുടെ ക്ഷേത്രത്തിലെ ശാന്തിക്കാരനായി ഭഗവാൻ തീർന്ന സംഭവം സൂചിതമായി.

അപൂർവ്വാദരപ്രേമപൂർവ്വം ത്രികാല-
പ്രപൂജാഭിഷേകാദിസംസേവനത്താൽ,
സ്വപൂർവ്വാത്മപുണ്യോദയം, സുപ്രഫുല്ല-
പ്രപൂർണ്ണത്വമുണ്ടായ് പ്രകാശിച്ചു നിന്നു. 2

ശാരദാമൈത്രി

യുവത്വോദയത്തിൽ സ്വബന്ധുക്കൾ 'ചേതോ-
ഭവപ്രേരണാധീനനാക്കാൻ ഭവാനിൽ,
നവപ്രേമവല്ലീവിലാസം രചിക്കാൻ
പ്രവർത്തിച്ചതാശ്ചര്യമല്ലായിരുന്നു. 3

സ്വയം വൈമനസ്യം [1]ഭവാൻ ബാല്യകാലോ-
ദയത്തിൽ സദാ ശാരദാശാസനത്തിൽ,
ഭയപ്പെട്ടുകാണില്ല, വെന്നാലമാത്മ-
പ്രിയക്കുള്ള സത്ഭാവമ[2]ദ്രവിയാർന്നു. 4

[1] ശാരദാമണിദേവി ഭഗവാന്റെ പ്രിയയായി. 12-ാംപദ്യം നോക്കുക.

മരീചികാദിത്യാംബരയെപ്പോലെ, മായാ-
മരീചികാതുല്യം മനോമണ്ഡലത്തിൽ,
കരീന്ദ്രനമാൻവേടയെപ്പോലെ, വിദ്യു-
ച്ഛ1രീരാഭയങ്ങോ2ട്ടൊത്തുവന്നുല്ലസിച്ചു. 5

1 വിദ്യുത്തുപോലെയുള്ള ശരീരത്തിന്റെ ശോഭയോടുകൂടിയവൾ [ശാരദാംബ] 2 അങ്ങോട്ടു്—ഭവാനോടുകൂടി.

ഉപാപൂർവ്വമദ്രീന്ദ്രകന്യാജനംപോ-
ലുപാന്തത്തിലീശന്റെയിഷ്ടത്തിനായി
ഉപാസിച്ചുവാണാളുദാസീനയാകാ-
തുപാ1ധിക്ക നിഷ്കാമവൈരാഗ്യമാക്കി. 6

1 ലക്ഷ്യം.

പ്രസാദിച്ചുവല്ലോ ഭവാൻ ഭക്തിയോടെ-
ത്തസാമാന്യനിസ്വാർത്ഥശുശ്രൂഷണത്തിൽ
പ്രസാ1ദിച്ചിടാത്തമ്മയിൽ; 2ത്യാഗരാഗ-
പ്രസാരം പ്രശസ്താർഹമായ് ഭവിക്ക. 7

1 ശുശ്രൂഷണത്തിൽ ക്ഷീണമുണ്ടാകാത്ത അമ്മ—ഏതു ശുശ്രൂഷിച്ചാലും മതിയാകാത്ത അമ്മ. 2 ത്യാഗരാഗം—ത്യാഗപൂർവ്വമായ രാഗം.

ഭവാൻ ശുദ്ധസന്യാസിയായും; ഭവാനെ-
പ്പിവാരാത്രമന്യൂനമംഭോഗപൂർവ്വം,
അവാച്യം ഭജിച്ചമ്മ; സന്യാസിനിസ്ത്രീ
വ്യവസ്ഥാക്രമംപൂണ്ടു,മൊന്നിച്ചുവാണാർ. 8

ഭവാനമ്മയും, ഭർത്തൃഭാര്യാവിചാരം,
വിവാഹാദിബന്ധങ്ങളിത്യാദിയുള്ളിൽ,
1ശിവാർത്ഥം സ്മരിക്കാതെതെല്ലും പ്രസക്തി;
2പ്രവാസം-പൃഥഗ്വാ3സം അഹന്ത! ചെയ്തു 9

1 ശിവാർത്ഥം—കൈവല്യത്തിനായിക്കൊണ്ടു്. 2 പ്രവസതി പ്രവാസം—സ്നേഹസമ്പൂർണ്ണമായി ഒന്നിച്ചുള്ള വാസം. 3 പൃഥഗ്വാസം—വെവ്വേറെയുള്ള വാസം. അവർ സ്നേഹപൂർവ്വം ഒന്നിച്ചു താമസിച്ചുവെങ്കിലും, പൃഥക്ശയനാദി ചര്യാക്രമം സ്വീകരിച്ചിരുന്നതിനാൽ പ്രത്യേകം പ്രത്യേകമുള്ള ആദ്ധ്യാത്മികജീവിതം നയിച്ചു.

സന്ദേശം

കലാഭ്യാസമെന്യേ കലാപൂർണ്ണനായി;
ഫലാപേക്ഷയില്ലാത്ത ഭക്താഗ്ര്യനായി;
സുലാവണ്യലാളിത്യസന്ദേശകോലാ-
ഹലാഹ്ലാദമങ്ങേ1ങ്ങുദയത്താതിരുന്നോ? 10

1 അങ്ങ്—ഭവാൻ.

പവിത്രാർഷസംസ്കാരലബ്ധാഭിനാദം
ദ്രവിച്ചാശു പാശ്ചാത്യപാഷണ്ഡകന്മാർ,
അവിശ്വാസമെല്ലാമുപേക്ഷിച്ചു സാധു-
ച്ഛവിച്ഛായയിൽച്ചെന്നു സംരക്ഷ നേടാൻ. 11

നരേ1ന്ദ്രപ്രഭുശ്രേഷ്ഠർ, നാനാമതക്കാർ,
2നരേന്ദ്രൻ തുടങ്ങിപ്പലേനാസ്തികന്മാർ,
പരേദ്യു:ത്വദീയാശ്രമത്തിൽ, സ്വമത്തിൽ
ദ്വിരേഫങ്ങൾപോലെത്തിയുൾ4ക്കണ്ഠത്തടക്കാൻ. 12

1 ശിഷ്യന്മാർ. 2 നരേന്ദ്രനെന്നതു വിവേകാനന്ദസ്വാമിയുടെ പേർ. 3 പരേദ്യു:—സന്ദേശലബ്ധാഭിനാദത്തവണത്തിന്റെ പിറ്റേന്നാൾ [ക്ഷണനത്തിൽ] 4 സ്വമത്തിൽ-വണ്ടുകളെപ്പോലെ ഇവരെല്ലാം ആശ്രമത്തിൽ വന്നു് ഉൾക്കണ്ഠത്തടക്കാനായിരുന്നു. ഇവരുടെ ക്ഷുത്തു് ആദ്ധ്യാത്മികമായിരുന്നു.

മിഴിക്കു് ശരീരായ1സ്സസാക്ഷാൽകരിക്കാൻ
വിഴിത്സാരകാണിച്ചു പക്ഷ്മങ്ങളെത്തിൽ,
ഒഴിച്ചാശു സന്ദേഹം; ആത്മോപദേശം
വഴിക്കവരേയും ഭവാൻ ധരിച്ചാൻ. 13

1 ഈശ്വരനെ നേരെ കണ്ണു് കാണണമെന്നായിരുന്നു നരേന്ദ്രന്റെ ശാഠ്യം. അതു ഭഗവാൻ സാധിപ്പിച്ചു കൊടുത്തു്.

പുമാൻ-സ്ത്രീവിഭേദം മറക്കാൻ, ഭവാൻ, വി-
ഭ്രമാരമ്യഭൂഷാവിശേഷാംബരങ്ങൾ,
സ്വമാല്യങ്ങളും ചാർത്തി, യാത്ഥ്യ നാരീ-
സമാനാകൃതിക്കോ*ലമംഗീകരിച്ചാൻ. 14

* പുരുഷൻ സ്ത്രീയുടെ വേഷം കെട്ടിയാൽ ഒരു "കോലം"മായിരിക്കുമല്ലോ.

1നരൻ, ബാലകൃഷ്ണൻ, നബി, ക്രിസ്തുദേവൻ,
സ്വരൂപനാം രാമൻ-ഏതാദൃശന്മാർ,
പരബ്രഹ്മദിവ്യാവതാരങ്ങളാണെ-
ന്നുരച്ചു ഭവാൻ സ്വാനു2ഭൂതിക്രമത്താൽ. 15

1 നരനാരായണന്മാരിൽ നരൻ. 2 സ്വാനുഭൂതിക്രമത്താൽ=ശ്രീരാമകൃഷ്ണദേവൻ, യഥാക്രമം നരനായും, ബാലകൃഷ്ണനായും, നബിയായും മറ്റും സങ്കല്പാവതാരപുരുഷന്മാരായി സ്വാനുഭൂതി വരുത്തിയിരുന്നുവല്ലോ.

നരേന്ദ്രാവരോഹണം

ഭവാൻ ശ്രീനരേന്ദ്രന്റെ ഭാവിപ്രഭാവം
സ്വഭാവേക്ഷണംകൊണ്ടു കണ്ടാശു നേരിൽ,
നവാനന്ദസന്ദേശവാഹിത്വഭാര-
പ്രവാ1കാഭിഷേകം പ്രഘോഷിച്ചു ചെയ്തു. 16

1 തന്റെ സന്ദേശത്തെ വഹിക്കുന്നതിനുള്ള ഭാരം [മുതലു്] പ്രവാകൻ [വിളിച്ചു പറയുന്ന ആൾ] എന്ന തരത്തിൽ ഏല്പിച്ചു് അഭിഷേകം ഘോഷിച്ചു നടത്തി.

പ്രാർത്ഥന.

1അയേ, രാമകൃഷ്ണ 2പ്രിയേ, ശാരദാംബേ
ഭയേഷ്യാഭയാതങ്കമില്ലാതെവാഴാൻ,
ക്രിയേച്ഛാ3വബോധസ്വരൂപേ, സുഭക്ത-
പ്രിയേ, നിങ്ങളെത്താണു വന്ദിച്ചിടുന്നേൻ. 17

1 ഈ ശ്ലോകം ശാരദാംബയെ പുരസ്കരിച്ചുള്ള പ്രാർത്ഥനയായി പ്രത്യേകം എടുക്കാം. 2 രാമകൃഷ്ണപ്രിയേ, രാമകൃഷ്ണ, പ്രിയേ എന്നു പ്രത്യേകം സംബോധന ചെയ്യുന്നതാണെങ്കിൽ രണ്ടുപേരെയും പറ്റിയുള്ള പ്രാർത്ഥനയായും എടുക്കാം. 3 ക്രിയേ etc.—ഇച്ഛാശക്തി, ക്രിയാശക്തി, ജ്ഞാനശക്തി സ്വരൂപിണി എന്ന ലളിതാംബികാസഹസ്രനാമസ്മരണം.

പ്രഭോ, രാമകൃഷ്ണ, പ്രകാശിക്ക, ചേതോ-
നഭോവീഥിയിൽ, ചാരുചന്ദ്രാഭനായി;
കുഭോഗാഭിലാഷം നശിപ്പിച്ചു നിത്യം
വിഭോ, ഞങ്ങളെക്കാക്കുവാൻ കൈതൊഴുന്നേൻ. 18

# *നിയമസഭാ.

[ശ്രീ കെ. ശങ്കരക്കുറുപ്പ്, ബി. എ., ബി. എൽ]

I

പൌരധർമ്മങ്ങളെ പ്രതിപാദിക്കുന്ന ഏതൊരു ഗ്രന്ഥത്തിലും നിയമസഭയ്ക്ക് ഒരു പ്രധാനസ്ഥാനമുണ്ട്. പ്രജകളെ ഭരിക്കുവാനുള്ള നിയമങ്ങൾ ഉണ്ടാക്കുന്ന സഭയ്ക്ക് എന്നാണല്ലൊ ഈ പേരുകൊണ്ടു നാം ഗ്രഹിക്കുന്നത്. എന്നാൽ ആധുനികകാലത്തു ഈ സഭക്ക് പേരുകൊണ്ടു തോന്നിപ്പിക്കുന്നതിൽ, എത്രയോ കൂടുതൽ അവകാശാധികാരങ്ങളുണ്ട്. അവയെക്കുറിച്ചു വഴിയെ വിസ്തരിക്കുന്നതാണ്, അതിനുമുമ്പായി ഇങ്ങിനെ ഒരു സഭയ്ക്കു അല്ലെങ്കിൽ സ്ഥാപനത്തിന്റെ ആവിർഭാവത്തിനുള്ള കാരണങ്ങളെ ചിന്തിക്കാം. മനുഷ്യസമുദായത്തിന്റെ ഉത്ഭവവും ആദിമകാലവും പലരും പലവിധത്തിൽ പറയുന്നുണ്ട്. ബൈബിൾ എന്ന ക്രൈസ്തവമതഗ്രന്ഥത്തിൽ ഒരുവിധം. ഭാഗവതാദിഹിന്ദുപുരാണങ്ങളിൽ മറെറാരുവിധം. ഡാർവിൻ എന്ന ശാസ്ത്രജ്ഞൻ മൂന്നാമതൊരുവിധം. ഇവയിൽ ഏതുതന്നെ ശരിയായിരുന്നാലും, മനുഷ്യവംശം വർദ്ധിച്ചുതുടങ്ങിയപ്പോൾ അവർക്ക് ഒരു നാഥൻ-നായകൻ ഉണ്ടായി എന്നു വിചാരിക്കുന്നതിൽ തെററില്ല. ഒരു നായകനെ വരിക്കുക, അവനെ അനുഗമിക്കുക എന്നുള്ള ഈ വന്യാവസ്ഥയിലുള്ള ജീവികളിൽക്കൂടി കണ്ടുവരുന്ന പ്രകൃതിവിശേഷമാണ്. ബുദ്ധികൊണ്ടും ചേഷ്ടകൊണ്ടും മനുഷ്യരോടടുത്തുള്ള സാമൂഹ്യജീവിതത്തല്പരന്മാരായ കുരങ്ങുകൾ, ആനകൾ ഇവയുടെ ഇടയിൽ ഇതു വിശേഷിച്ചും കാണുന്നുണ്ട്. യൂഥനാഥന്റെ കഥകൾ പ്രസിദ്ധങ്ങളാണ്. "കൊമ്പൻ പോയ വഴിമോഴയും" എന്ന ചൊല്ലുതന്നെ ഇതിനുദാഹരണമാണ്. മനുഷ്യരുടെ ആ നിലയിലുള്ള നാഥനാണ് പിന്നീട് "രാജാവ്" എന്ന പേരിനാൽ അറിയപ്പെടുന്നത്. ഒരു സമുദായം ഒരു ആളെ സവിശേഷം ബഹുമാനിക്കുകയും ആ ആൾക്കു കീഴടങ്ങുകയും ചെയ്യണമെങ്കിൽ ആ ആൾക്കു ചില ഗുണങ്ങൾ ഉണ്ടായിരിക്കണം. ഒന്നാമതായി, ശക്തി—ബാഹുബലം. രണ്ടാമതായി, സൌഭാഗ്യം. മൂന്നാമതായി, ബുദ്ധി. നാലാമതായി പ്രതാപസൌശീല്യാദിസത്ഗുണങ്ങൾ. ഈവക ഗുണങ്ങൾ തികഞ്ഞ ഒരാൾക്കെ ഭിന്നസ്വഭാവന്മാരായ ഒരുസമുദായത്തിലെ വ്യക്തികളെ അടക്കി നിർത്തുവാനൊ, ഭരിക്കുവാനൊ സാധിക്കു. കായബലംകൊണ്ടും ബുദ്ധിശക്തികൊണ്ടും രാജാവായിത്തീർന്നാൽതന്നെ, തന്റെ സ്ഥാനം നിലനിർത്തണമെങ്കിൽ പ്രജകളെ ആകർഷിക്കത്തക്ക ഗുണങ്ങൾ ആകൃതിക്കും പ്രകൃതിക്കും ഉണ്ടായിരിക്കണം. അതായിരിക്കണം "രഞ്ജിപ്പിക്കുന്നവൻ" "രാജാവ്" എന്നു വന്നത്. "തഥൈവ സോഭൂദന്വർത്ഥോ രാജാപ്രകൃതിരഞ്ജനാത" പ്രജകളെ രഞ്ജിപ്പിച്ചിരുന്നതുകൊണ്ടു രഘുവിന്നു രാജാവ് എന്ന പേര് ഉചിതംതന്നെ എന്നാണ് കാളിദാസൻ പറയുന്നത്. അപ്പനായ ദിലീപനെക്കുറിച്ച് മഹാകവി ഇപ്രകാരം പറയുന്നു.—

"ഭീമകാന്തൈർന്നൃപഗുണൈ-
സ്സബഭൂവോപജീവിനാം
അധൃഷ്യശ്ചാഭിഗമ്യശ്ച
യാദോരത്നൈരിവാർണ്ണവഃ"

"തിമിംഗലാദിജലജന്തുക്കളുള്ളതുകൊണ്ടു സമുദ്രം ഭയങ്കരമാണെങ്കിലും രത്നങ്ങൾ, മുത്തുകൾ മുതലായവ ഉള്ളതുകൊണ്ടു ജനങ്ങൾ അതിൽ പ്രവേശിക്കുന്നതുപോലെ പ്രതാപാദിവീരഗുണങ്ങൾകൊണ്ടു ദിലീപൻ ആശ്രിതന്മാൎക്കു ഭയത്തെ ഉണ്ടാക്കിയിരുന്നെങ്കിലും സൌശീല്യം, ദയാ, ദാക്ഷിണ്യം മുതലായതുകൊണ്ടു അവരെ തങ്കലേക്കാകർഷിച്ചിരുന്നു". ഭാരതീയർ വിശ്വസിച്ചുപോരുന്ന ഐതിഹ്യം, വിവസ്വാന്റെ (സൂര്യന്റെ) പുത്രനായ 7-ാമത്തെ മനു, വൈവസ്വതമനുവാണ് ആദിത്യവംശസ്ഥാപകനെന്നും രാജാക്കന്മാരിൽവെച്ച് ആദ്യത്തെ ആൾ എന്നുമാണ്. ആ രാജവംശത്തിനു മററു പിന്നീടുണ്ടായ രാജവംശങ്ങളെക്കാൾ പ്രശസ്തിയും കൂടും. ആ രാജവംശാവലിയിലെനടുനായകമാണ് സാക്ഷാൽ ശ്രീരാമൻ. പ്രജാക്ഷേമൈകതത്പരന്മാരായിരുന്നു ആ രാജാക്കന്മാർ. ദിലീപനാകട്ടെ,

പ്രജാനാമേവഭൂത്യർത്ഥംസതാഭ്യോബലിമഗ്രഹീത്
സഹസ്രഗുണമുത്സ്രഷ്ടുമാദത്തേഹിരസംരവി.

* അടുത്തു പ്രസിദ്ധപ്പെടുത്താൻ തയ്യാറാക്കിവരുന്ന "പൌരധർമ്മം" എന്ന പുസ്തകത്തിൽ ചേർക്കാൻ എഴുതിയതാണ് ഈ പ്രബന്ധം.



ഫലശ്രുതി

സ്വയം രാമകൃഷ്ണസ്തവം, നേരെയുള്ളം
നിയന്ത്രിച്ചു, നര, മന്തിതോറും ജപിച്ചാൽ,
ഭയംവന്നുചേരുന്നുവെന്നല്ല, മോക്ഷോ-
ദയം സംഭവിക്കുന്നു സംഭേദനത്തിൽ.

ശുഭം.

ഭുജംഗപ്രയാത സ്തോത്രം
സമാപ്തം

—o—

UNIVERSITY LIBRARY NOV 1940

"സൂര്യൻ ഭൂമിയിൽനിന്നു വലിച്ചെടുക്കുന്ന നീരാവിയെ പതിന്മടങ്ങായി വൃഷ്ടിരൂപത്തിൽതന്നെ ലോകത്തെ അനുഗ്രഹിക്കുന്നപോലെ, അദ്ദേഹം പ്രജകളുടെ ഗുണത്തിനുവേണ്ടി ചെലവിടുവാൻ മാത്രമായി നികുതി പിരിച്ചിരുന്നു. തന്റെ ഭാര്യയുടെ പാതിവ്രത്യത്തെ കുറിച്ച് ആരൊ, എവിടെയൊവെച്ച് അപവദിച്ചു എന്ന കാരണത്താൽ, ജനാഭിപ്രായത്തെ അനുസരിക്കാൻ മാത്രമായി പ്രിയഭാര്യയെക്കൂടി ഉപേക്ഷിച്ച ആളാണ് ശ്രീരാമൻ. ഭാരതഭൂമിയിൽ സൂര്യവംശരാജാക്കന്മാരുടെ ചരിത്രം എന്നും, ഇന്നും ആദർശമാതൃകയായി കരുതിപ്പോരുന്നു. അതിനാലാണ് വളരെ രാജവംശക്കാർ തങ്ങൾ "ആദിത്യവംശജ"ന്മാരാണെന്നഭിമാനിക്കുന്നതു്.

ഈ രാജവംശത്തിന്റെ പ്രത്യേകത, ആപൽഘട്ടങ്ങളിലും, രാജ്യകാര്യങ്ങളിലും കുലഗുരുവിനോടും മന്ത്രിമാരോടും ആലോചിച്ചേ പ്രവർത്തിക്കു എന്നുള്ളതാണ്. ഇതിനു സചിവായത്തഭരണം എന്നുപറയും. രാജാവിനും പ്രജകൾക്കും ക്ഷേമമായിട്ടുള്ളതു് ഉപദേശിക്കുകയാണ് മന്ത്രിയുടെ ചുമതല. ഈ പാരമ്പര്യം തന്നെയാണ് ഇന്ത്യായിലെ നാട്ടുരാജാക്കന്മാർ ദിവാൻജിമാരെ നിശ്ചയിച്ചിരുന്നതിൽ തെളിഞ്ഞുകാണുന്നതു്. എന്നാൽ രാജാക്കന്മാരിൽത്തന്നെ ചിലർ ചിലപ്പോൾ സ്വാർത്ഥലോലുപന്മാരായും മന്ത്രിമാർ ചിലർ ചിലപ്പോൾ രാജസേവക്കുവേണ്ടിയും തൻഗുണംമാത്രം നോക്കിയും നില മറന്നും നടന്നുകാണുന്നതിലും അത്ഭുതപ്പെടുവാനില്ല. പക്ഷെ രാജാവിന്റെ സേവ മാത്രം നോക്കിയാൽ ജനങ്ങൾക്കു വിരോധമായി. ജനങ്ങളുടെ ഇഷ്ടംപോലെ അനുവദിച്ചുകൊടുത്താൽ രാജാവിനു നിരസമായി. ഇരുകൂട്ടരേയും രഞ്ജിപ്പിച്ചുനടത്തുന്ന മന്ത്രി ദുർലഭമായിട്ടെ കാണുകയുള്ളു എന്നു ഒരു പഴയ ശ്ലോകത്തിൽ വിവരിച്ചിരിക്കുന്നതു താഴെ ചേർക്കാം.

നരപതിഹിതകർത്താദ്വേഷ്യതാംയാതിലോകേ
ജനപദഹിതകർത്താത്യജ്യതേപാർത്ഥിവേന
ഇതിമഹതിവിരോധേവിദ്യമാനേസമാനേ
നൃപതിജനപദാനാം ദുർലഭഃകാര്യകർത്താ.

രാജാധികാരവും രാജത്വവും ഈശ്വരദത്തമാണെന്ന ചില സിദ്ധാന്തങ്ങൾക്കു വളരെകാലം ജനങ്ങളുടെ ഇടയിൽ പ്രചുരപ്രചാരം സിദ്ധിച്ചിരുന്നു. എന്നാൽ ജനസാമാന്യത്തിനു നവീനവിദ്യാഭ്യാസം സിദ്ധിച്ചതോടുകൂടി—അവർ പാശ്ചാത്യരാജ്യചരിത്രങ്ങൾ പഠിച്ചതോടുകൂടി—ജനസംഖ്യ വർദ്ധിക്കയാൽ അഹമഹമികയാ ഭാരമേവന തള്ളിക്കയറുന്ന ജീവനസന്ധാരണത്തിനു മാർഗ്ഗം പരിമിതമായി കണ്ടുതുടങ്ങിയതോടുകൂടി—പാശ്ചാത്യശാസ്ത്രവിദ്യാഭ്യാസം നിമിത്തം പൌരസ്ത്യമതപാരമ്പര്യങ്ങളിൽ വിശ്വാസം കുറഞ്ഞുവന്നതോടുകൂടി—ഒരു പുതിയ സിദ്ധാന്തത്തിനാണു ഉൽക്കർഷവും ജനസമ്മതിയും ഇപ്പോൾ ലഭിച്ചിരിക്കുന്നതു്. അതായതു്, രാജാധികാരമെന്നും ഈശ്വരദത്തമല്ല—ജനങ്ങൾ കൊടുത്തതാണ്. തങ്ങൾ കൊടുത്ത അധികാരങ്ങൾ വേണ്ടിവന്നാൽ-ആവശ്യംപോലെ-തങ്ങൾക്കെടുക്കാവുന്നതും നിയന്ത്രിക്കാവുന്നതും ആണല്ലൊ. പാശ്ചാത്യരാജ്യചരിത്രം പഠിച്ചും, പാശ്ചാത്യവിദ്യാഭ്യാസം ലഭിച്ചും വളർന്നുവന്ന ഭാരതീയർക്ക് യൂറോപ്പിൽ നടന്നതും നടക്കുന്നതുമായ പരിവർത്തനങ്ങൾ വഴികാട്ടികളായിത്തീർന്നുവെന്നുതന്നെയല്ല അവരുടെ രാഷ്ട്രീയപുരോഗമനത്തെ ഉത്തേജിപ്പിക്കുകയും ചെയ്തു. യൂറോപ്പിൽ ഉണ്ടായിരുന്ന മിക്ക രാജവംശങ്ങളും തിരോധാനം ചെയ്തു. രാജാധികാരം അസ്തമിച്ച രാജവംശത്തെ നിലനിർത്തിപ്പോരുന്ന ആംഗലരാജ്യത്തിൽകൂടി രാജാവിന്റെ അധികാരം പേരിനു മാത്രം. രാജ്യഭരണം നടത്തുന്നതു് ജനപ്രതിസഭയായ പാർലിയമെന്റ് എന്ന മഹാസഭ തിരഞ്ഞെടുക്കുന്ന മന്ത്രിമാരാണ്. "രാജാവ്"എന്ന സ്ഥാനത്തെ ഇംഗ്ലീഷുകാർ ഉപേക്ഷിക്കാതിരിക്കാൻ ഒരു പ്രത്യേക കാരണമുണ്ടു. ഭൂഗോളത്തിൽ പലയിടത്തും അവർ കുടിയേറിപ്പാർക്കുകയും അവരുടെ അധികാരങ്ങൾ പരത്തുകയും ചെയ്തിട്ടുണ്ട്. ഒരു ഭൂപടം എടുത്തു നോക്കിയാൽ ചുവപ്പുചായം (അതാണ് ബ്രിട്ടീഷ് കോയ്മയെ കാണിക്കുന്ന നിറം) ഒരറ്റംമുതൽ മറെറ അററംവരെ തൊട്ടും തുടർന്നും വ്യാപിച്ചുകാണാം. "ആദിത്യനസ്തമിക്കാത്ത സാമ്രാജ്യം" എന്നഭിമാനിക്കുന്ന ഈ വിസ്തൃതരാജ്യങ്ങൾ ഇംഗ്ലണ്ടിലെ "കുഞ്ഞുകുട്ടിപരാധീന"ങ്ങൾക്ക് കൃഷി, കച്ചവടം, കൈത്തൊഴിൽ, ഉദ്യോഗം മുതലായ തുറകൾ സൌകര്യപ്പെടുത്തി കൊടുത്തിരുന്നു. ഇംഗ്ലീഷുരാജാവ് ഇന്ത്യാചക്രവർത്തിയായിരുന്നു. ചക്രവർത്തിയുടെ നാട്ടിലെ ഒരു പ്രജ—അവിടെ എത്രതന്നെ നിസ്സാരനായിരുന്നാലും-ഈ നാട്ടിൽ വന്നാൽ അയാൾക്ക് എല്ലാകാര്യത്തിലും പ്രത്യേകസൌകര്യങ്ങളുണ്ട്. ചുരുക്കിപ്പറയുന്നതായാൽ, "സാഹിബ്ബ്"ഒരു കുട്ടിരാജാവുതന്നെ. ഈ വക നേട്ടങ്ങൾ ചില്ലറയല്ല. സ്വാതന്ത്ര്യപ്രിയം ജീവികൾക്ക് നൈസർഗ്ഗികമാകയാൽ പുത്രികാരാജ്യങ്ങൾകൂടി ക്രമേണ സ്വാതന്ത്ര്യത്തെ അഭിലഷിക്കുകയും, ഇംഗ്ലീഷ് മേ

ണശക്തിയെ വഴങ്ങി സ്വയംഭരണം സ്ഥാപിക്കുകയും ചെയ്യും ഇൻഡ്യയിലാകട്ടെ, ഈ അടിമത്തത്തോടു പോരാടുവാൻ, ഈ രാജ്യത്തെ ഇംഗ്ലണ്ടിനോടു ബന്ധിച്ച ശൃംഖലയെ ഭഞ്ജിക്കുവാൻ 1885 മുതൽ ഭാരതമഹാജനസഭ ശ്രമിച്ചുവന്നിരുന്നു. പരമദാരുണദാസ്യം എന്നും ആർക്കും അസഹ്യമായിരുന്നതിനാൽ, സ്വാതന്ത്ര്യലബ്ധിക്കുള്ള ടി സഭയുടെ യത്നങ്ങൾക്ക് ക്രമേണ ശക്തി കൂടിക്കൂടിവന്നു. ആദ്യകാലങ്ങളിൽ പാശ്ചാത്യവിദ്യാബിരുദധാരികളും സ്വദേശാഭിമാനികളും മാത്രമെ അതിലേയ്ക്ക് ഉററു ശ്രമിച്ചിരുന്നുള്ളു. അതും അഭ്യർത്ഥന കൊണ്ടുമാത്രമാണ്. അഭ്യർത്ഥനകൾ വിചാരിച്ചപോലെ ഫലപ്രദങ്ങളല്ലെന്നു വന്നപ്പോൾ പ്രവർത്തനങ്ങളുടെ രീതിയും മാററി ജനാധിപത്യം സാധിക്കണമെങ്കിൽ ജനങ്ങളെ ഇളക്കിവിടണം. അതു പ്രത്യക്ഷസമരത്തിനല്ല. പ്രത്യക്ഷസമരത്തിന്നു പുറപ്പെട്ടാൽ ഭരണാധികാരികളുടെ തോക്കിന്ന് എളുപ്പത്തിൽ ഇരയാവുന്നതാകയാൽ സമാധാനപരമായ സഹനസമരം നടത്താനാണ് തീർച്ചയാക്കിയത്. ഈ പ്രസ്ഥാനത്തിൻെറ പ്രണേതാവ് മഹാത്മാഗാന്ധിയാണെന്നു പറയാം. പക്ഷെ വഴികാണിച്ചുകൊടുത്തത് ബാലഗംഗാധരതിലകൻ എന്ന വീരകേസരിയാണ്. അദ്ദേഹമാണ് "സ്വയംഭരണം നമ്മുടെ ജന്മാവകാശമാണെ"ന്ന് പ്രഖ്യാപനം ചെയ്തത്. ആദ്യമായി, സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി കാരാഗൃഹവാസം വരിച്ചതും അദ്ദേഹമാണ്. ഇംഗ്ലീഷുകാർ ഇൻഡ്യയിൽ നടപ്പാക്കിട്ടുള്ള ശിക്ഷാനിയമത്തിലെ "രാജദ്രോഹം" എന്ന കുററത്തിന്നു അദ്ദേഹത്തെ വിചാരണചെയ്ത ബോംബെ ഹൈക്കോടതി ജഡ്ജി "നിങ്ങൾ കുററക്കാരനാണെന്നാണ് ജൂറിമാരുടെ അഭിപ്രായം-നിങ്ങൾക്കെന്താണ് പറയുവാനുള്ളത്" എന്നു ചോദിച്ചപ്പോൾ ആ ധീരധീരൻ ഉടനെ പറഞ്ഞ മറുപടി ഇതാണ്. "അങ്ങനെ എന്നെ കുററക്കാരനായി തീർച്ചയാക്കിയാലും, ഞാൻ നിരപരാധിയാണെന്നുതന്നെയാണ് ഞാൻ കരുതുന്നത്. ഈ ലോകത്തിൻെറ ഭാഗധേയങ്ങളെ നിയന്ത്രിക്കുന്ന ഒരാൾ മുകളിലുണ്ട്. ഞാൻ യാതൊരു കാര്യത്തിനുവേണ്ടി പരിശ്രമിക്കുന്നുവൊ, അതിൻെറ ഫലപ്രാപ്തി എൻെറ കാരാഗൃഹവാസം കൊണ്ടു സാധിക്കുമെന്നായിരിക്കാം ആ വിശ്വംഭരൻെറ അഭിമതം" പ്രശാന്തഗംഭീരവും ഏവനേയും കോൾമയിർകൊള്ളിക്കുന്നതുമായ അദ്ദേഹത്തിൻെറ ഈ പ്രവചനം ഇന്ന് അക്ഷരംപ്രതി ശരിയായി കാണുന്നുണ്ട്. ജനങ്ങൾക്കനിഷ്ടമായി തോന്നുന്ന നിയമങ്ങൾ ജനങ്ങൾ കൂട്ടത്തോടെ ലംഘിക്കുക. ഉപ്പ് എല്ലാവർക്കും ആവശ്യമാണ്. അതു കടലിൽ ധാരാളമായുണ്ട്. അതിന്നു ഒരു നികുതി ചുമത്തുന്നത് ന്യായമല്ല. കടലിലുള്ള ഉപ്പ് എടുക്കുന്നതു കുററമാണെങ്കിൽ നമുക്ക് എല്ലാവർക്കും ജയിലിൽ പോവുക എത്ര ആളുകളെ ഈ ഗവർമ്മെണ്ടു ജയിലിലിടും. ഇതാണ് പുതിയ പ്രസ്ഥാനത്തിൻെറ ഒരു മാതൃക. പിന്നെ ഒന്നുകൂടി പറയാം. നിയമസഭയിൽ ആയവ്യയക്കണക്ക് അവതരിപ്പിച്ചാൽ അതിനെ ഏകമാനം തള്ളിക്കളയുക ഇത്തരത്തിൽ ബ്രിട്ടീഷ് ഗവർമ്മെണ്ടിന്ന ഈ രാജ്യം ഭരിക്കാൻ പൊറുതികേടുണ്ടാക്കിക്കൊണ്ടിരിക്കുക. ഈ സമരം ഏതാണ്ടു 25 കൊല്ലം നീണ്ടുനിന്നു ഒടുവിൽ വിജയത്തിൽതന്നെ അവസാനിച്ചുവല്ലൊ. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ തുടങ്ങിയതും പൂർണ്ണഫലത്തിൽ അവസാനിച്ചതുമായ ഈ പദ്ധതിക്ക് 'സത്യാഗ്രഹം' 'നിസ്സഹകരണം' എന്നും മററുമാണ് രാഷ്ട്രീയചിന്തകന്മാർ പേർ കൊടുത്തിട്ടുള്ളത്. ഈ വിദ്യ പുതിയതൊന്നുമല്ല. വനവാസത്തിന്നു പുറപ്പെട്ട്, പർണ്ണശാലയിൽ താമസം ഉറപ്പിച്ച ശ്രീരാമനെ തിരികെ കൂട്ടിക്കൊണ്ടുവന്നു രാജാഭിഷേകം കഴിക്കാനായി നിശ്ചയിച്ച്, ഭരതൻ കാട്ടിൽ പോയി ജ്യേഷ്ഠനെക്കണ്ട്, അഭ്യർത്ഥനകൾ ഫലിച്ചില്ലെന്നു കണ്ടപ്പോൾ "പ്രായോപവേശം" (പാട്ടകിടക്കുക എന്നാണ് പഴയ പേര്) തുടങ്ങി. അതിനെയാണ് വള്ളത്തോൾ വിവർത്തനം ചെയ്തിരിക്കുന്നത്.

"എനിക്കിങ്ങു നിലത്താസ്തുവിരിക്കൂ ദർഭ സാരഥേ
ആര്യ്യകല്പപ്രവേശിപ്പനെങ്കൽ കനിയുവോളവും
കടം കൊടുത്ത വിപ്രൻ പോലുണ്ണാതെ കണ്ണടച്ചു ഞാൻ
കിടപ്പൻ ശാലതൻ മുമ്പിൽ മടങ്ങിപ്പോരുവോളവും"

പ്രായോപവേശം ബ്രാഹ്മണർക്കാവാമെങ്കിലും ക്ഷത്രിയർക്കു വിധിച്ചിട്ടില്ലെന്ന ധർമ്മോപദേശംകൊണ്ടാണ് ശ്രീരാമൻ ഭരതനെ ആ കഠിനവ്രതത്തിൽനിന്നു പിന്മാററിയത്. രാമായണത്തിൽതന്നെ, സീതാദർശനം സാധ്യമല്ലെന്നുകണ്ട് സുഗ്രീവൻെറ വാനരദൂതന്മാർ പ്രായോപവേശം തുടങ്ങിയതായിപറയുന്നുണ്ട്. എന്നാൽ ചരിത്രകാലങ്ങളിൽ മഹാത്മാഗാന്ധിയാണ് പ്രായോപവേശം പ്രയോഗിച്ചു പലേ വൻകാര്യങ്ങളും നേടിട്ടുള്ളത്.

ബ്രിട്ടീഷാധിപത്യത്തിൻ കീഴിലായി, ഭാരതത്തിൽ അങ്ങുമിങ്ങുമായി 500ൽപരം നാട്ടുരാജ്യങ്ങൾ

ഉള്ളതും ബ്രിട്ടീഷിൻഡ്യയിൽ നടന്നുവന്നിരുന്ന സ്വാതന്ത്ര്യസമരത്തിന്റെ പ്രത്യാഘാതങ്ങൾ അവിടങ്ങളിലെല്ലാം കാണ്മാൻ തുടങ്ങി എന്നുള്ളതും പ്രസിദ്ധമാണ്. ഈ രാജാക്കന്മാരിൽ ബുദ്ധിമാന്മാരും പ്രജാക്ഷേമൈകതല്പരന്മാരുമായവർ, കാലോചിതമായി, കുറെശ്ശ, കുറെശ്ശയായി അധികാരങ്ങൾ പ്രജകൾക്കു വിട്ടുകൊടുത്തുവന്നിരുന്നു. ആ കൂട്ടത്തിൽ കൊച്ചിയും തിരുവിതാംകൂറും അഗ്രിമസ്ഥാനം വഹിക്കുന്നുണ്ട്. നിയമോപദേശസമിതി, പഞ്ചായത്ത്, നഗരസഭ, നിയമസഭ-ഇവ വഴി ജനങ്ങളുടെ പ്രതിപുരുഷന്മാരെ ഭരണകാര്യത്തിൽ ഭാഗഭാക്കുകളാക്കി-ക്രമേണ ഭരണവകുപ്പുകൾ ചിലതെല്ലാം ഭരിക്കുന്നതിന്ന്, ജനങ്ങൾ തിരഞ്ഞെടുത്താളുകളിൽ ചിലർക്ക് മന്ത്രിപദം കൊടുക്കാമെന്നുമായി. ഇപ്പോൾ എല്ലാ മന്ത്രിമാരെയും നിശ്ചയിക്കാനുള്ള അവകാശവും പൂർണ്ണമായി അവർക്കാക്കിക്കൊടുത്തിട്ടുണ്ട്. സ്വച്ഛന്ദമായും നിരങ്കുശമായും നടത്തിയിരുന്ന രാജാധികാരവിനിമയമാണല്ലൊ ഈ പ്രബന്ധവിഷയം. ആ വിനിമയം പൂർണ്ണസ്വരൂപത്തിൽ കാണുന്നതു നിയമസഭ മന്ത്രിമാരെ തിരഞ്ഞെടുക്കുന്നതിലാണ്. അതിനാൽ അതിനെ വിസ്തരിക്കാം.

പ്രകൃതത്തിലേയ്ക്കു പ്രവേശിക്കുന്നതിന്നുമുമ്പായി ഒരു രാജാവിന്റെ കർത്തവ്യങ്ങളെ ഒന്നു വിശകലനം ചെയ്യേണ്ടതായിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ അവ 1 തന്റെ രാജ്യത്തെയും പ്രജകളെയും ശത്രുക്കളുടെ ആക്രമണത്തിൽനിന്നു രക്ഷിക്കുക 2 തന്റെ രാജ്യത്തിനുള്ളിൽ സമാധാനം പരിപാലിക്കുക 3 അപരാധികളെ ശിക്ഷിക്കുന്നതിനും പ്രജകളുടെ അവകാശങ്ങളെയും സ്വത്തുക്കളെയും രക്ഷിക്കുന്നതിനും നിയമങ്ങൾ ഉണ്ടാക്കുക—അവ നടത്തിക്കൊടുക്കുക 4 പ്രജകൾക്ക് വിദ്യാഭ്യാസം കൊടുക്കുക 5 രോഗനിവാരണത്തിനും ആരോഗ്യരക്ഷണത്തിനും ഏർപ്പാടുകൾ ചെയ്യുക 6 പ്രജകളുടെ ഭൗതികോത്കർഷത്തെ നിദാനമാക്കി കൃഷി, വ്യവസായം, വാണിജ്യം ഇവയെ സഹായിക്കുക. 7 ഗതാഗതസൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക 8 സദാചാരത്തിന്നുതകുന്നവിധം ധർമ്മസ്വത്തുക്കൾ, ദേവസ്വങ്ങൾ ഇവയെ രക്ഷിക്കുക 9 ഈ വക ശരിയായി നടത്തുന്നതിലേക്കായി ജനങ്ങളിൽനിന്നു നികുതി പിരിക്കുക-അത് ന്യായമായി വിനിയോഗിക്കുക-ഇത്യാദിയാണ്. ഇവ ഓരോന്നും നാനാമുഖങ്ങളാണെങ്കിലും ഇവയാണ് പ്രാധാന്യമേറിയവ. നാട്ടുരാജ്യങ്ങളെ സംബന്ധിച്ച് ഇവയിൽ ഒന്നാമത്തേത് ശത്രുനിരോധം-വളരെക്കാലമായി കേന്ദ്രാധികാരസ്ഥാനത്തുനിന്ന് ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ളവയെ 3 പ്രധാനവിഭാഗങ്ങളിൽ പെടുത്താം. 1 നിയമനിർമ്മാണം. 2 നിയമം അടിസ്ഥാനപ്പെടുത്തിയുള്ള രാജ്യഭരണം. 3 സിവിലായും ക്രിമിനലായും ഉള്ള തർക്കങ്ങൾ തീർത്തുകൊടുക്കുക (1 Legisla ion, 2 Administrative, 3 judiciary) ഇതിൽനിന്നു നിയമമാകുന്ന അടിത്തട്ടിലാണ് ഇന്നത്തെ രാജ്യഭരണം സ്ഥിതിചെയ്യുന്നതു എന്നു സിദ്ധിക്കുന്നുണ്ട്. അതിനാൽ അങ്ങിനെയുള്ള നിയമം സൃഷ്ടിക്കുന്ന സഭയ്ക്കുള്ള പ്രാധാന്യം ഊഹിക്കാവുന്നതാണ്. ഈ വകയെല്ലാം പണ്ടുകാലത്ത് രാജാവിന്റെ ആജ്ഞപ്രകാരമാണ് നടന്നുവന്നിരുന്നത്. ഈ ആജ്ഞ ഇപ്പോൾ പുറപ്പെടുന്നത് പ്രജാസഞ്ചയത്തിൽനിന്നാണ്. അത് തങ്ങളുടെ പ്രതിനിധികളടങ്ങിയ ഒരു സഭയുടെ തീരുമാനപ്രകാരമാണ് രാജാക്കന്മാരിൽനിന്നു ഈ അധികാരം പ്രജാസഞ്ചയത്തിന്നു കൈവന്നതു ചില രാജ്യങ്ങളിൽ വിപ്ലവം മൂലമാണ്. എന്നാൽ ഇവിടെയാകട്ടെ ഈ അധികാരം രാജാവു കാലാനുസരണം മനസ്സാ വിട്ടുകൊടുക്കുകയാണ് ഉണ്ടായിട്ടുള്ളത്. കൊച്ചിയിലാകട്ടെ രാജാവു 1098ൽ പരിമിതമായ ചില അധികാരങ്ങളോടുകൂടി ഒരു നിയമസഭയെ സൃഷ്ടിച്ചു. 1113 ൽ ജനാഭിലാഷം അനുസരിച്ചു നിയമസഭയുടെ അധികാരങ്ങളെ കുറെക്കൂടി വിസ്തൃതമാക്കിയും രാജ്യഭരണഘടനയെ ക്രോഡീകരിച്ചും ടി സഭയെ പരിഷ്കരിച്ചു. നിയമസഭയിൽനിന്നു ഒരു മന്ത്രിയെ നിയമിക്കാനുള്ള അവകാശം കൊടുത്തു 1121 ൽ 2 മന്ത്രിമാരെ നിശ്ചയിക്കാൻ അനുവദിച്ചു. ഭാരതത്തിൽ സ്വാതന്ത്ര്യം ലഭിച്ചതോടുകൂടി 1123 ൽ എല്ലാ മന്ത്രിമാരെയും നിശ്ചയിക്കാനുള്ള അവകാശവും കൊടുത്തു. പണ്ടുണ്ടായിരുന്ന ദിവാൻപദം നിറുത്തലും ചെയ്തു. ഒരു പ്രധാന മന്ത്രിയും അദ്ദേഹത്തെ സഹായിക്കാൻ 3 സഹായമന്ത്രിമാരുമാണ ഇപ്പോൾ ഉള്ളത്. സകല കാര്യങ്ങളും മന്ത്രിമാർകൂടിയാലോചിച്ചു അവരുടെ കൂട്ടുചുമതലയിൽ വേണമെന്ന ഒരു ഔപചാരിക നടപടിയും തുടങ്ങി.

# കുമാരസംഭവം.

## ഭാഷാഗാനം.

അഞ്ചാം സർഗ്ഗം.

[വിദ്വാൻ, ശ്രീ. ചെറുള്ളി ഉദയവർമ്മമേനോൻ.]

1 ആവിധം മനോജനെ തന്മുന്നിൽ വെച്ചാ ശൂലി
കേവലമെരിക്കയാൽ ഭഗ്നമായഭിലാഷം
തന്നുടെ സൗഭാഗ്യത്തെ നിന്ദിച്ചാൾ ശൈലജ;
സൗന്ദര്യം പ്രിയന്മാർക്കു കൗതുകം ചേർപ്പാനല്ലോ.
2 തന്നുടെ സ്വരൂപത്തിന്നു ഫലമാക്കീടുവാ-
നുന്നിനാൾ ദേവി താനേകാഗ്രതപസ്സിനാൽ;
എങ്ങനെ ലഭിച്ചീടുമാവിധം പതിയേയു-
മത്തരം പ്രേമത്തെയും, രണ്ടുമേയല്ലെന്നാകിൽ!
3 ശുചിയിലലിഞ്ഞതുതന്നോമന തപംചെയ്യ
കോലത്തെ വാഞ്ഛിടുവാനന്യത്തെയെന്നാൾ കേൾക്കെ,
മേനയുമവളെത്തന്മാറണച്ചാശ്ലേഷിച്ചാ-
മാമുനിവ്രതം തടഞ്ഞാളിവിധമുരചെയ്താൾ:
4 "മാനസമിണങ്ങീടും ദേവിമാർ ഞങ്ങളല്ലോ
മാനിനി, തപസ്സെങ്ങു, നിന്നിളം തനുവെങ്ങോ!
ഭൃംഗത്തിൻപദം താങ്ങും പേലവം ശിരീഷപ്പൂ-
വെങ്കിലും സഹിക്കുമോ പക്ഷിതൻ പാദാഘാതം?"
5 ഇത്തരമുപദേശമൊന്നുമേ ഫലിച്ചീല-
ങ്ങിഷ്ടത്തിലുറച്ചുള്ള പുത്രിയിലമ്മയോതും;
ആരു പിന്തിരിപ്പിക്കുമീപ്സിതകാര്യത്തിങ്കൽ
വെച്ചുന്നം ചിത്തത്തെയും, നിമ്നഗാജലത്തെയും.
6 കാമിതം ഫലിപ്പോളം നിയമമനുഷ്ഠിച്ചു
കാനനം തന്നിൽ വാഴാൻ സമ്മതം മനസ്വിനി
അർത്ഥിച്ചാളൊരിക്കൽ, തന്നാഗ്രഹമറിഞ്ഞിട-
മച്ഛനോടുള്ളിണങ്ങും തോഴിതൻ വഴിയായി.
7 നന്ദിനി മനോരഥം നന്നിതെന്നറിഞ്ഞന്നു
നന്ദിച്ചു നഗേന്ദ്രനുമേകിനാനനുവാദം;
കേകികളെഴുന്നോരു ശിഖരം ചെന്നാൾ ഗൗരി,
ലോകരും ഗൗരീനാമമന്നതൊട്ടതിന്നേകി.
8 മാലേയമിളക്കത്താൽ മായ്ക്കുന്ന മുക്താസരം
മാററിയാമനസ്വിനി തന്മാറിൽ മടിക്കാതെ
ചാർത്തിനാളരുണാഭയാർന്നോമൽത്തുംഗസ്തന-
ത്തിങ്കലാൽ പിഞ്ഞിടുന്ന വല്ക്കലം വഴിപോലെ.
9 ഭൂഷിതമായ രമ്യകുന്തളം കൊണ്ടെന്നോണം
ഭാസിച്ചു ജടകൊണ്ടും ദേവിതൻമുഖം നന്നായ്,
ചാരൊളിവണ്ടിണയാൽ മാത്രമല്ലബ്ജത്തിന്നു-
ചേരുന്നു, കരിഞ്ചണ്ടികൊണ്ടുമത്തുണ്ടാസ്സുരം.
10 മുന്നിഴചേരും മൗഞ്ജി, രോമാഞ്ചം പ്രതിക്ഷണ-
മുണ്ടാക്കും മട്ടന്നവൾ ചാർത്തിനാൾ വ്രതാർത്ഥമായ്;
ആദ്യമായ് ധരിച്ചീടുമായതാമനോജ്ഞതൻ-
ഹൃദ്യമാമരക്കെട്ടിൽ ചുവപ്പൊന്നുളവാക്കി.

ചുണ്ടിന്മേലലക്തകം പൂശിയും, സ്തനരാഗം- 11
കൊണ്ടു ചെന്നിറം പൂണ്ട കന്ദുകമടിച്ചുമേ
ശീലിച്ചകരത്തിങ്കൽ ദർഭതന്മുനയേററു
കീറിയവിരലാർന്നിട്ടക്ഷമാലയും ചേർന്നു.
പട്ടണിക്കിടയ്ക്കയിലുരുളുന്നേരാ കചാ- 12
വിട്ടതിൽപ്പതിച്ചീടും പൂവു, മാഴ്കേകിയോൾ,
ആയവളുപധാനമാക്കിത്തൻ കരവല്ലി,-
യാവെറും തറയിൽത്താൻ കിടപ്പുമിരിപ്പുമായ്!
താപസവ്രതം തീർന്നാൽ വീണ്ടുകൊണ്ടീടാമെന്നായ് 13
താർമിഴിയിരക്കൂട്ടമേല്പിച്ചാളിരുവരിൽ.
ചാഞ്ചല്യമേറും നോട്ടം മാൻപേടമാരിൽ, പ്പിന്നെ
പിഞ്ചുവല്ലികൾതന്നിൽ മോഹനവിലാസവും.
നന്മരത്തൈകൾനട്ടതന്നെത്താൻ വളർത്തിനാൾ (14
തൻകുടസ്തനം തൂകും പയസ്സാൽ മടിയെന്ന്യേ,
ആദ്യമായ്പ്പിറന്നതാമവയിലവൾക്കാന്നു
വാത്സല്യമകററിടാൻ ഗുഹനും കഴിഞ്ഞിടാ.
നീവാരാദികളേകിലാളിക്കുമഗജയോ- 15
ടാവിധമെണ്ണങ്ങളുമിണങ്ങിപ്പെരുമാറി.
തോഴിമാർ കാണ്കെസ്സുഭ്രൂ തന്നുടെനേത്രങ്ങളെ
തോഷമാർന്നവയ്ക്കൊപ്പം കണ്ണുകൊണ്ടളന്നിതു.
സ്നാനവുമതുപോലെ ഹോമവുമനുഷ്ഠിച്ചു 16
മാനിനിമരത്തോലാമുത്തരീയവും ചാർത്തി
സ്തുതിപാഠവുംചെയ്തു നിഷ്ഠയിലിരിക്കെ,-യാ-
സതിയെസ്സന്ദർശിപ്പാൻ വന്നിതുമുനീന്ദ്രന്മാർ;
നോക്കുകയില്ലധർമ്മവൃദ്ധർതൻ വയസ്സാരു,-
മാക്കർമ്മേ ബഹുമാന്യരായവരെവിടേയും.
അന്യോന്യവൈരം വിട്ടുജന്തുക്കളഭ്യാഗത- 17
ർക്കന്നീടും ഫലംനല്കും പാദപസമൂഹങ്ങൾ,
പുത്തനാമുടജങ്ങളഗ്നിഗർഭങ്ങ,ളേവ-
മത്തപോവനംപോലും ശുദ്ധിയാർന്നിതുപാരം.
ഇഷ്ടമാം ഫലമെന്നുമാവിധം വ്രതംകൊണ്ടു 18
കിട്ടുകയില്ലെന്നോർത്താസാധ്വിയുമനന്തരം
തൻതനുമൃദുലത്വം തെല്ലുമേ ഗണിക്കാതെ
തീവ്രമാംതപം ചെയ്വാനപ്പോഴേ തുടങ്ങിനാൾ.
പന്തടിച്ചീടുമ്പോഴും താന്തയായ്ത്തീരുന്നോളാ- 19
സുന്ദരി തപം ചെയ്താൾ മാമുനിമാരെപ്പോലെ,
കോമളമെന്നാകിലുമോമൽതൻസാരം ചേരു-
മാമേനി ചമച്ചതു ഹേമസാരസംകൊണ്ടാം.

—o—

(തുടരും)

# കാളിദാസകവിതയിലെ അഭൌമസംഭവങ്ങൾ.

[ശ്രീ. വി. ഉണ്ണികൃഷ്ണൻനായർ, ബി. എ.]

I

സാധാരണയായി മനുഷ്യരുടെ അനുഭവത്തിൽ പെടാറില്ലാത്ത സംഭവങ്ങളെയാണ് അഭൌമങ്ങളെന്നിവിടെ വിവക്ഷിയ്ക്കുന്നത്. പുരാണകഥകളെ അവലംബിച്ചെഴുതുന്ന കാവ്യനാടകങ്ങളിൽ ചില അഭൌമസംഭവങ്ങൾ കടന്നുകൂടുന്നതിൽ യാതൊരസാംഗത്യവുമില്ല. ദേവലോകത്തോളം രഥം നടത്തുവാൻ കെല്പുള്ള നായകന്മാരുടെ പരാക്രമങ്ങളാണ് കവിതാവിഷയമെന്നു വന്നാൽ ചില അലൌകികശക്തികളുടെ വിലസിതങ്ങളും അതിനിടയിൽ വർണ്ണിക്കേണ്ടതായി വരുന്നായ്ക്കും. ആ വർണ്ണനകൾ, പക്ഷെ, തന്മയത്വമില്ലാതെ കഥാശരീരത്തിൽ മുഴച്ചുനില്ക്കുകയാണെങ്കിൽ, കാലാനുഗതമായ രുചിഭേദം നിമിത്തം, ഇന്നത്തെ സഹൃദയലോകം അവയോടത്ര ആഭിമുഖ്യം ഭാവിയ്ക്കുമോ എന്നു സംശയമാണ്. കാളിദാസകൃതികളിൽ കാണുന്ന അഭൌമസംഭവങ്ങൾക്ക് മേൽപറഞ്ഞ മനസ്ഥിതിയെ മുൻനിർത്തിപ്പരിശോധിയ്ക്കുമ്പോൾ വല്ല അസ്വാരസ്യവും തോന്നുന്നുണ്ടോ എന്നു ചിന്തിയ്ക്കുകയാണ് ഈ ലേഖനത്തിൻെറ ഉദ്ദേശം.

ദുഷ്യന്തനിരാകൃതയായ ശകുന്തള പുരോഹിതൻെറകൂടെ അഗ്നിഗൃഹത്തിൽനിന്നു പുറത്തേയ്ക്കു പോകുംവഴിയ്ക്ക് ആ തപസ്വിനിയുടെ വിലാപംകേട്ടു കരളഴിഞ്ഞ മാതൃജനം പുത്രിയെയുംകൊണ്ടു പെട്ടെന്നു തിരോധാനംചെയ്ത ആ ഘട്ടം അഭൌമമാണെന്നുവേണം പറയുവാൻ. തന്നോടൊന്നിച്ചു രാജധാനിയ്ക്കു വന്നിരുന്ന ഗൌതമിയും ഋഷികുമാരന്മാരും വിട്ടുപോയപ്പോൾ സഹിയ്ക്കാൻ കഴിയാത്ത സങ്കടം നിമിത്തം പൊട്ടിക്കരയുന്ന ശകുന്തളയെ അപ്സരസ്തീർത്ഥസമീപത്തിൽ വെച്ച്, സ്ത്രീരൂപധാരിയായ ഒരു ജ്യോതിസ്സ് വന്നെടുത്തു മറയുകയാണുണ്ടായത്. അപ്സരസ്സംഭവയായ നായികയുടെ സ്ഥിതിയ്ക്ക് അങ്ങിനെയൊരനുഭവം സ്വാഭാവികമാണെന്നുമാത്രം പറഞ്ഞു ഈ സംഭവത്തെ തള്ളിക്കളയുന്നത് കവിമനോധർമ്മത്തിൻെറ നേർക്ക് നാം കാണിക്കുന്ന ഒരനീതിയായിരിക്കും. അനന്തരസംഭവങ്ങൾക്കനുരൂപമായ ഒരു പശ്ചാത്തലം നിർമ്മിക്കുന്നതിനു ആ തിരോധാനം അത്യന്താപേക്ഷിതമായിരുന്നു. സർവ്വദമനകുമാരൻെറ ജനനത്തിനും ഗുരുകുലവാസത്തിനും അനുകൂലമായ ഒരു രംഗം സൃഷ്ടിച്ച്, തക്കതായ സമയം വന്നുചേരുന്നതുവരെ പത്നിയേയും പുത്രനേയും രാജാവിൻെറ ദൃഷ്ടിപഥത്തിൽനിന്നു മാററിനിർത്തുവാൻ അതു വളരെ സഹായിച്ചിട്ടുണ്ട്. മഹാഭാരതത്തിലെ ശകുന്തളയുടെ വാക്ചാതുര്യമോ പ്രഗത്ഭതയോ കാളിദാസൻെറ നായികയ്ക്കുണ്ടായിരുന്നില്ല. വ്യാസൻെറ ശകുന്തള മകനെയും കൂട്ടിക്കൊണ്ടാണ് ആസ്ഥാനമണ്ഡപത്തിലേക്കു കടന്നുചെല്ലുന്നത്. വളരെനേരം മഹാരാജാവോടു ന്യായവാദം ചെയ്തു നില്ക്കുവാൻ ആ മനസ്വിനിയ്ക്കു യാതൊരു സങ്കോചവും ഉണ്ടായില്ല. ഒടുവിൽ

"ഭരിച്ചുകൊൾക തവ പുത്രനെ വൈകാതെ നീ
സ്വന്ത്രീസമയായാ കൌശികപുത്രിയോടു"

എന്ന ആകാശവാണി ശകുന്തളയുടെ സഹായത്തിനെത്തിച്ചേരുകയും ചെയ്തു. നേരേമറിച്ച്, കാളിദാസൻെറ ശകുന്തളയ്ക്ക്, നിഷ്കരുണമായ നിഷ്കാസനത്തിനുശേഷം വളരെക്കാലം വിരഹവ്രതം വഹിക്കേണ്ടതായിട്ടാണ് വന്നത്.

"വസനേ പരിധൂസരേ വസാനാ
നിയമക്ഷാമമുഖീ ധൃതൈകവേണീ
അതിനിഷ്കരുണസ്യ ശുദ്ധശീലാ
മമ ദീർഘം വിരഹവ്രതം വഹന്തി"

എന്നു പശ്ചാത്താപവിവശനായ രാജാവിനെക്കൊണ്ടു പറയിച്ച ആ ശകുന്തളയുടെ ചിത്രം നമുക്കു മഹാഭാരതത്തിൽ കണ്ടുകിട്ടുകയില്ല. പുരോഹിതൻ ഉദ്ദേശിച്ചപോലെ, പ്രസവംവരെ ശകുന്തള അഗ്രഹത്തിൻെറ ഗൃഹത്തിൽ പാർക്കുകയാണ് ചെയ്തിരുന്നതെങ്കിൽ, ശകുന്തളാദുഷ്യന്തന്മാരുടെ ദാമ്പത്യത്തിനു സംഭവിച്ച സാംസ്കാരികപരിവർത്തനത്തിൻെറ പരിപൂർണ്ണത നമുക്കിത്ര തെളിഞ്ഞുകാണുമാൻ സാധിക്കുന്നതല്ലായിരുന്നു. ഇതിലാണ് ആ അഭൌമമായ അന്തർദ്ധാനത്തിൻെറ കലാപരമായ മൂല്യം നില്ക്കുന്നത്.

വിക്രമോർവ്വശീയത്തിൽ ഉർവ്വശിയുടെ തിരോധാനവും അമാനുഷികമായിരുന്നു. രാജ്യഭാരം അമാത്യന്മാരെ ഏല്പിച്ച് പുരൂരവസ്സ് ഉർവ്വശീസമേതനായി ഗന്ധമാദനവനങ്ങളിൽ വിഹരിക്കുകയായിരുന്നു. ഒരു ദിവസം മന്ദാകിനീതീരത്തിൽ മണൽക്കുന്നുകളുണ്ടാക്കി

ക്കളിച്ചുകൊണ്ടിരുന്ന ഉദയവതി എന്ന വിദ്യാധരപ്പെൺകിടാവിനെ രാജർഷി കുറച്ചധികനേരം നോക്കിനിന്നുപോയതുനിമിത്തം ഈർഷ്യാകലുഷിതയായിത്തീർന്ന ഉർവ്വശി പ്രിയതമനോടു കലഹിച്ചു കാട്ടിലേക്കു നടന്നു് സ്ത്രീകൾക്കു കടന്നുകൂടാൻ പാടില്ലാത്ത കുമാരവനത്തിൽ ചെന്നെത്തി. മഹാസേനഭഗവാന്റെ ശാപത്താൽ, ആ കാട്ടിൽ കാലെടുത്തുവെയ്ക്കുന്ന സ്ത്രീ ലതയായിത്തീരുമെന്നറിഞ്ഞിട്ടും തൽക്കാലത്തെ കോപകാലുഷ്യംകൊണ്ടും ഈ ശാപത്തിന്റെ അഭിഘാതംകൊണ്ടും സമ്മൂഢഹൃദയയായിരുന്ന ഉർവ്വശി അതോർക്കാതെയാണ് ആ അവിവേകം പ്രവർത്തിച്ചതു്. പ്രവിഷ്ടമാത്രത്തിൽ അവളൊരു വള്ളിയായിപ്പരിണമിയ്ക്കുകയും ചെയ്തു. പ്രിയതമയുടെ അപ്രതീക്ഷിതമായ അന്തർദ്ധാനത്താൽ പര്യാകുലനായ പുരൂരവസ്സ് അവളെ അന്വേഷിച്ചുകൊണ്ടു് കാടു മുഴുവനും ചുററി നടന്നു. ഒടുവിൽ രക്താശോകസ്തബകംപോലെ ചുകന്ന ഒരു രത്നം വഴിയിൽ കണ്ടുകിട്ടി. കാഴ്ചയ്ക്കുള്ള കൌതുകംകൊണ്ടു് ആദ്യം അതു കയ്യിലെടുത്തുവെങ്കിലും അതു ചൂടുവാനർഹതയുള്ള പ്രാണപ്രേയസിയുടെ അഭാവത്തിൽ അതിനെക്കൊണ്ടു തനിയ്ക്കൊരു കാര്യവുമില്ലെന്നോർത്തു് വലിച്ചെറിഞ്ഞുകളഞ്ഞു. അപ്പോഴാണ് അതു് സംഗമനീയരത്നമാണെന്നും അതു ധരിയ്ക്കുന്നവർക്കു് പ്രിയജനസമാഗമം സാധിയ്ക്കുമെന്നും ഒരശരീരിവാക്യം കേൾക്കാറായതു്. രാജാവു സപ്രത്യാശം സംഗമനീയം കൈക്കൊള്ളുകയും അചിരേണ ഉർവ്വശിയോടൊരുമിയ്ക്കുകയും ചെയ്തു എന്നാണ് കഥ.

കാമിനീകാമുകന്മാരുടെ വേർപാടും പുനസ്സമ്മേളനവും ഈ രീതിയിൽ പ്രതിപാദിച്ചതു് പ്രത്യേകമായൊരു ഉദ്ദേശത്തോടുകൂടിയാണെന്നു പിന്നീടുണ്ടായ സംഭവങ്ങൾ തെളിയിക്കുന്നുണ്ടു്. രാജാവിനു പുത്രമുഖദർശനം ലഭിക്കുംവരെയായിരുന്നു ഉർവ്വശിയ്ക്കു് അദ്ദേഹത്തിന്റെ കൂടെ ഒരുമിച്ചിരിക്കുവാൻ ദേവേന്ദ്രൻ അനുവദിച്ച കാലാവധി. ഇതുവിരഹയോഗം ഭയന്നു് പുത്രജനനം മറച്ചുവെയ്ക്കുവാൻ ഉർവ്വശി തീർച്ചപ്പെടുത്തി. ദോഹദലക്ഷണങ്ങളൊന്നും കണ്ടിരുന്നില്ലാത്തതുകൊണ്ടു് രാജാവിനു ഉർവ്വശിയുടെ ഗർഭാധാനത്തെപ്പററി സംശയമേ ഉണ്ടായിരുന്നില്ല. നാടകത്തിൽ അങ്ങിനെ പറഞ്ഞിട്ടില്ലെങ്കിലും ഗർഭപ്രവൃത്തിക്കുശേഷം പ്രസവം കഴിയുംവരെ ആയിരിക്കണം ഉർവ്വശി രാജദൃഷ്ടിയിൽനിന്നു തിരോഹിതയായതു്. കുട്ടിയെ ച്യവനമഹർഷിയുടെ ആശ്രമപദത്തിൽ സത്യവതി എന്ന തപസ്വിനിയുടെ പക്കൽ ഏല്പിച്ചശേഷം ഉർവ്വശി തിരിച്ചുവന്നതായിരിക്കണം.

നാടകത്തിന്റെ നാലാം അങ്കത്തിലാണ് മേല്പറഞ്ഞ സംഭവങ്ങൾ നടന്നതു്. പുനസ്സമാഗമനത്തിനുശേഷം വളരെക്കാലം മഹാരാജാവു് ഉർവ്വശീസമേതനായി നന്ദനവനത്തിലും മററും വിഹരിച്ചു തിരിച്ചെത്തിയെന്നും സന്താനമില്ലാത്തതുകൊണ്ടുള്ള ദുഃഖമൊന്നല്ലാതെ മറെറാരു മനശ്ശല്യവും അവർക്കില്ലെന്നും അഞ്ചാം അങ്കത്തിന്റെ ആരംഭത്തിൽ വിദൂഷകന്റെ വാക്കുകൾകൊണ്ടു നമുക്കറിയാറാവുന്നു. അങ്ങിനെയിരിക്കുമ്പോഴാണ്, അതുവരെ രാജാവിൽനിന്നു മറച്ചുവെച്ചിരുന്ന പുത്രജനനവൃത്താന്തം പുറത്തുവരാൻ സഹായിച്ച ചില സംഗതികൾ സംഭവിയ്ക്കുന്നതു്.

കഥാഗതിയുടെ സ്വാഭാവികതയ്ക്കു് ഒഴിച്ചുകൂടാത്ത ഒരു സാമഗ്രിയായിട്ടാണ് നാം ഉർവ്വശിയുടെ [illegible] അന്തർദ്ധാനത്തെക്കരുതേണ്ടതെന്നു് ഇതിൽനിന്നു തെളിയുന്നുണ്ടു്.

—o—


# കൈകണ്ട മരുന്നുകൾ.

## രക്തവാതത്തിന്നും കണ്ഠമാലയ്ക്കും ദിവ്യഔഷധങ്ങൾ.

രക്തവാതം ഏഴേഏഴു ദിവസംകൊണ്ടും കണ്ഠമാല ഒരൊററ മാസംകൊണ്ടും സുഖപ്പെടും.

അപേക്ഷിക്കേണ്ടും മേൽവിലാസം—

എ. ഠി. എൻ. ഒട്ട, ചിററൂർ-കൊച്ചിൻ.

# രാവണോപദേശം.

[സർദാർ, കെ. എം. പണിക്കർ, എം. എ., (ഓക്സൺ), ബാർ-അററ്-ലാ.

[ഒന്നാം ഭാഗം]

ഏകദാ, നിശിചരാധിനായകൻ 1
ഭീകരോഗ്രബലശാലി രാവണൻ,
രാഗവിഹ്വലഹൃദന്തരംഗനായ്
പൂകിനാൻ മയസുതാഗൃഹാന്തരം.
ദ്വാരസീമനി തൊഴുന്ന ദാസിമാർ 2
ചാരുനൂപുരധ്വനൽകൃതത്തൊടെ
മാറിനിന്നു തലതാഴ്ത്തിയാദരാൽ
ഭൂരിമത്തൊടെതിരേററു നാഥനെ.
ഉല്ലസന്നയനകൈരവങ്ങളാൽ 3
കുഡ്മളീകൃതകരാംബുജങ്ങളാൽ
വേലപൊങ്ങിവളരും സുഖാബ്ധിയാൽ
സൽക്കരിച്ചവർ ദശാനനനോദയം.
കമ്പിടുന്നളവുപുഷ്പസഞ്ചയം 4
മുൻപിൽവീണു തറ ഭംഗിയേൽക്കവേ
വെമ്പിമാറുമവരേററുവാങ്ങി, ത-
ത്തമ്പുരാൻെറ നയനാഭിനന്ദനം.
മൂന്നുലോകവുമധൃഷ്യശക്തിയാൽ 5
വെന്നവീരദശകന്ധരപ്പള
ചെന്നു കേറിവിനയത്തിനാൽ സ്വതേ
മന്ദപാദഗതിയായ് പ്രിയാന്തികം.
പ്രോഷിതാഖിലവിഭൂഷയായ് നിര- 6
ന്മേഷയായ് വസനമോടിയെന്നിയേ
യോഷമാർ മണിയിരിപ്പതായ് ക്ഷണാൽ
ഈഷലിണ്ടലൊട്ടുകണ്ടു രാവണൻ.
ഹേതുവെന്തതിന്നു? ചെയ്തിതോ, പ്രിയ 7
സ്ലാധിയേററുവതിനിന്നുവല്ലതും?
ഏതുമിങ്ങൊരപരാധമോർമ്മയി-
ല്ലാതുരത്വമിവൾക്കുള്ളതെന്തിനായ്?
കോപനപ്രകൃതിയല്ല; മൽക്രിയാ 8
ലോപമോർത്തു കലഹിക്കയില്ലിവൾ
ഹാ, പതിവ്രതമയാത്മജയ്ക്കു, ഏ-
ത്താപമാണിവിടെ, മാനമായിടാ.
ഒററമാത്രയിലിവണ്ണമെത്രയോ 9
മററുചിന്തകൾ മനസ്സിലേൽക്കിലും,
കററവാർകുഴലിയോടടുക്കവേ
വെററുമായവ തെളിച്ചതില്ലവൻ.
കേണുചിന്തകളിൽ മുങ്ങിവാഴ്കിലും, 10
ക്ഷീണമോമലുടലെന്നിരിക്കിലും,
പ്രാണനാഥനെഴുന്നെള്ളവേ ജവാൽ
ചേണിയിന്നുതെളിവാർന്നു തന്വിയാൾ.
വേഗമങ്ങടനെഴീററു സാദരം 11
മേചനാളജനയത്രി, നാഥനെ
രാഗഭാരലളിതസ്മിതത്തിനാൽ
സ്വാഗതം പറകയായ് മനസ്വിനി.
ചൊല്ലിനാൻ പ്രണയലോലനായ്പ്പരം, 12
മല്ലനേർമിഴിയൊടന്നു രാവണൻ.
"അല്ലലിന്നൊരവകാശമെന്തു, നിൻ
വല്ലഭൻ കഴൽ പണിഞ്ഞു നിൽക്കവേ?
കാണ്മു നിൻെറ വദനം വിവർണ്ണമായ് 13
കാർമ്മുകിൽക്കബരിയും മുഷിഞ്ഞഹോ;
സാമ്യമററതവമേനിചാർത്തുമ-
ക്കാമ്യഭൂഷകളുമെങ്ങുപോയ് പ്രിയേ?
ആകമോ തവ സപത്നിമാരിൽ നി- 14
ന്നാകുലത്വ, മതി നില്ലകാരണം
ഏകരാണിമയപുത്രി രാക്ഷസർ-
ക്കാകെയെന്നതറിയാത്തതാർ ഭുവി?
നിർണ്ണയം വൃഷലിമാർചമഞ്ഞൊരീ 15
നിന്നടൽച്ചമയമിഷ്ടമല്ലയേ;
ഇന്നുതൊട്ടു കനകാംഗി, രാവണൻ
തന്നെ നിൻെറ പടുവാം പ്രസാധകൻ.
മഞ്ജുമാമലർ പറിച്ചു കൈകളാൽ 16
മഞ്ജുളാംഗി, വളർചായൽ ചിക്കിടാം;
അഞ്ജനം മിഴിയിലും വരാംഗി! ചെം-
പഞ്ഞികാലിലുമണിച്ചിടാം സ്വയം.
ചന്ദ്രചൂഡമതിലിന്ദു മാറിടാ 17
ചിന്നിടുന്നനിണമേററ കൈകളാൽ
നിന്നുരസ്സിൽഹരിചന്ദനദ്രവം
തന്വി, നിത്യമണിയിച്ചിടാം പ്രിയേ!
കല്പകദ്രുമസുമങ്ങളില്ലയോ 18
സുഭ്രു, നിൻ തലമുടിക്കു ചാർത്തുവാൻ?
നില്പതെന്തിനിവർ നിൻെറ ദാസിമാർ
നിഷ്പ്രയോജനകൾ തൂണുപോലവേ!"
സാന്ത്വനാനുനയവാചകങ്ങൾ തൻ 19
കാന്തനീവിധമുരയ്ക്കവേ സതി
ശാന്തയാമയതനൂജ ചിത്തമാ-
ലേന്തിയൊന്നു നെടുവീർത്തു നിർഭരം.
ദൂനയെങ്കിലു, മടുത്തു കാന്തനെ- 20
ക്കാണവേ ചെറുതു പുഞ്ചിരിച്ചുടൻ
ഉററിയൻപിലമലം മുഖേന്ദു വി-
ശ്ശീതളാമൃതരസം വചോമയം.

ചെറുകഥ.

# പരിഷ്ക്കാരഭ്രമം.

[ശ്രീ. പി. ഡി. മേനോൻ]

'ആ തപാൽശിപായി രാമൻനായരുടെ സംബന്ധാലോചനനീ നിരസിച്ചുകളഞ്ഞതു നന്നായില്ല. അയാളുടെ സ്ഥിതിയ്ക്കും സ്വഭാവത്തിനും എന്താണു് തരക്കേടു്?' മാധവിയെ കുളക്കടവിൽവെച്ചു കണ്ടുമുട്ടിയപ്പോൾ കല്യാണി ചോദിച്ചു.

മാധവി: ഒരു പരിഷ്ക്കാരവും ഇല്ലാത്ത അയാളെ എനിയ്ക്കുവേണ്ട. എന്റെ മോഹം നിനക്കറിഞ്ഞുകൂടേ? അങ്ങിനെ യോഗമുണ്ടെങ്കിൽ മതി

കല്യാണി:-ഈക്കാലത്തു തരക്കാരെ ഒരാളെ കിട്ടുക വിഷമമാണെന്നു ഓർമ്മവേണം. പഠിപ്പും പരിഷ്ക്കാരവും തികഞ്ഞ ഒരുദ്യോഗസ്ഥനെ കിട്ടണമെന്നുവെച്ചാൽ—

മാധവി:- (കല്യാണിയുടെ വായ പൊത്തിയിട്ടു്) അയ്യയ്യ, മെല്ലെ പറയ്. അങ്ങേ കടവിലുള്ളവർ കേൾക്കില്ലേ ഇത്ര ഉറക്കെ പറഞ്ഞാൽ! ആട്ടെ, പഠിപ്പും പരിഷ്ക്കാരവുമില്ലാത്ത ഒരാൾ നിന്റെ ഭർത്താവായിട്ടു നാലുമാസം കഴിഞ്ഞില്ലേ? നിന്റെ ജീവിതമെങ്ങിനെ?

കല്യാ:-ഈശ്വരാനുഗ്രഹംകൊണ്ടു എനിയ്ക്കു സുഖമാണു്. ഈ ഉദ്യോഗത്തിലും പരിഷ്ക്കാരത്തിലുമൊന്നും എനിയ്ക്കു ലേശവും ഭ്രമമില്ല.

മാധ:-എന്താ, ഓരോരുത്തർക്കു ഓരോ ഭ്രമമല്ലേ? അതിരിയ്ക്കട്ടെ, നാളെ കാവിലേയ്ക്കു വരില്ലേ? അവിടെ വെച്ചു കാണാം.

ക:-ശരി.

അവർ പിരിഞ്ഞു.

2

അന്നു കാളികാവിൽ താലപ്പൊലിയായിരുന്നു. പല പ്രായക്കാരും വേഷക്കാരും അവിടെ സമ്മേളിച്ചിട്ടുണ്ടു്. ചില യുവരസികന്മാരുടെ നേത്രങ്ങൾ അവിടെ സന്നിഹിതരായ ചില 'ദേവി' മാരിൽനിന്നു തിരിച്ചെടുക്കാൻ കഴിയാത്തവിധം, അവരുടെ 'ഭക്തി' അത്രമേൽ മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചിരിയ്ക്കുന്നു!

'കുറുപ്പേ, സിലക്ക് ഷെർട്ടാളു. രണ്ടാഴ്ചയ്ക്കുള്ളിൽ കാര്യം കഴിയ്ക്കണമെന്നല്ലേ പറഞ്ഞതു്?!' പണിയ്ക്കർ കൂടെയുള്ള യുവാവിനോടായിപ്പറഞ്ഞു.

അതു കേൾക്കുന്നതിന്നു മുമ്പുതന്നെ കുറുപ്പിന്റെ കണ്ണുകൾ ആ കുമാരികാസംഘത്തിൽ കുടുങ്ങിക്കഴിഞ്ഞിരുന്നു. അയാളുടെ ആകാരസൗഷ്ഠവവും വേഷപ്രൗഢിയും അവിടെ കൂടിയിരുന്ന പലരുടേയും ശ്രദ്ധയ്ക്കു വിഷയമാകാതിരുന്നില്ല. ഇത്തരം സ്ഥലങ്ങളിൽ പുതുതായി ഒരാളെ കാണുമ്പോൾ പലരുംഔത്സുക്യപൂർവ്വം അയാളെ നോക്കുന്നതും പലതും ഊഹിച്ചുപറയുന്നതും സാധാരണമാണല്ലോ.

പണിയ്ക്കർ ചോദ്യം ആവർത്തിച്ചപ്പോൾ മാത്രമാണു്, അയാൾ തന്നോടെന്തോ ചോദിച്ചുകഥ കുറുപ്പ് ഗ്രഹിച്ചതു്. അയാൾ ദൃഷ്ടി എടുക്കാതെ ചോദിച്ചു. 'ആ റോസ്കളർ ബ്ളൌസിട്ട കുട്ടി ഏതാണു്? അറിയുമോ?'

പണിയ്ക്കർ:-അവൾ സ്കൂൾമാസ്റ്റർ നമ്പ്യാരുടെ മകളാണ്. എ ന്താ ബോധിച്ചുവോ?

കുറുപ്പ്:-കുട്ടി തരക്കേടില്ല. പക്ഷെ, സ്വഭാവവും മററും—

പണി:-തരക്കേടില്ലെന്നാണു് കേൾവി. അവരുടെ ധനസ്ഥിതി കുറച്ചു മോശമാണെന്നൊരു ദോഷം വേണമെങ്കിൽ പറയാം.

കുറുപ്പ്:-അതു പോകട്ടെ. പെണ്ണിന്റെ ഭാരമല്ലാതെ കുടുംബത്തിന്റെ ചുമതല നാം വഹിയ്ക്കേണ്ടതില്ലല്ലോ.

പണി: അതു ശരിയാണു്.

കുറുപ്പ്:-എന്തായാലും ആലോചിയ്ക്കു. നാളെ നമുക്ക അവരുടെ വീട്ടിലൊന്നു പോകാം.

പണിയ്ക്കർ:-ശരി.

3

അന്നു റേഷൻ വാങ്ങാനുള്ള പണം ആരോടാണു കടം വാങ്ങേണ്ടതെന്നു ആലോചിച്ചുകൊണ്ടു മാസ്റ്റർ സ്വഭവനത്തിൽ ഇരിയ്ക്കുമ്പോഴാണു പണിയ്ക്കർ വന്നുകയറിയതു്. കുശലപ്രശ്നങ്ങൾക്കുശേഷം അയാൾ, വിവാഹാലോചന എടുത്തിട്ടു.

പണിയ്ക്കർ:-അയാൾ കൽക്കത്തയിലെ ഒരു കമ്പനിയിൽ ഉദ്യോഗസ്ഥൻ; 150ക ശമ്പളം; കാഴ്ചയിൽ സുമുഖൻ—നിങ്ങളുടെ ഭാഗ്യമാണു്.

മാസ്റ്റർ ചിന്തയിലാണ്ടു.

പണി:-എന്താണാലോചിയ്ക്കുന്നതു?

മാസ്റ്റർ:-പണിയ്ക്കർ സ്വന്തം ആളായതുകൊണ്ടു ഞാൻ ഹൃദയം തുറന്നു പറയുകയാണു്. കൽക്കത്തയെപ്പോലെയുള്ള ഒരു വലിയ നഗരത്തിൽ 150ക. ഉണ്ടാ

യാൽ ഇക്കാലത്തു ഒരു കുടുംബത്തിന്റെ ചെലവു നടക്കുമോ? അതുപോകട്ടെ എന്നു വെയ്ക്കുക. അവളെ ദൂരദിക്കിലേയ്ക്കയയ്ക്കുന്നതു എനിയ്ക്കിഷ്ടമല്ല. ഒരു മകളല്ലേ ഉള്ളൂ.

പണി:-ഇതിലുമധികം ദൂരമുള്ള സ്ഥലങ്ങളിലേയ്ക്കു നമ്മുടെ കുട്ടർ പോകുന്നില്ലേ? വാസ്തവത്തിൽ, നിങ്ങളുടെ മകളുടെ ഭാഗ്യംകൊണ്ടാണ് അയാൾക്കിവിടെ ആലോചിക്കാൻ തോന്നിയതു്. സ്ത്രീധനത്തോടുകൂടിയ പല അപേക്ഷകളും നിലവിലുണ്ടു്.

മാ:-അതു ശരിയായിരിക്കാം. ഒരു മാതിരി തരക്കേടില്ലാത്ത ഒരാലോചന ഇയ്യിടെ വന്നു. അതവൾക്കു സമ്മതമായില്ല. അതുകൊണ്ടു ആലോചിക്കാതെ ഒന്നും ഇപ്പോൾ പറയുക വയ്യ. എന്നെസ്സംബന്ധിച്ചിടത്തോളം ഇത്രമാത്രം അവൾക്കും അവളുടെ അമ്മയ്ക്കും സമ്മതമാണെങ്കിലും, നിങ്ങൾക്കു നിർബ്ബന്ധമുണ്ടെങ്കിലും-

പണി:-എന്റെ കാര്യം വിട്ടേയ്ക്കൂ. നിങ്ങളുടെ ഗുണത്തെ വിചാരിച്ചും നാം തമ്മിലുള്ള സ്നേഹനിലയെയോർത്തും മാത്രം ഞാനിക്കാര്യത്തിൽ ഏർപ്പെട്ടു എന്നേ ഉള്ളൂ.

മാ:-അതിന്നു വളരെ വന്ദനം. ഞാനേതായാലും ആലോചിച്ചു മറുപടി പറയാം. പിന്നെ, രണ്ടാഴ്ചയ്ക്കുള്ളിൽ ഇക്കാര്യമങ്ങു നടത്തേണമെങ്കിൽ പണം വേണ്ടേ? ഉപായത്തിൽ നടത്തുകയാണെങ്കിൽക്കൂടി ചെലവില്ലേ?

പണി:-അതുണ്ടാവും. അതിന്നൊക്കെ എന്തെങ്കിലും വഴിനോക്കാതെ കഴിയുമോ? എപ്പോഴായാലും ഇതു നടത്താൻ നിങ്ങൾ ചുമതലക്കാരനല്ലേ?

മാ:-അതൊക്കെ ശരിയാണ്. എങ്കിലും—അയാൾ ദീർഘമായി നിശ്വസിച്ചു.

4

വാസ്തവത്തിൽ, അന്നു കാളികാവിൽവെച്ചു ഒരു യുവസുഭഗൻ കൂടെക്കൂടെ തന്നെ വീക്ഷിയ്ക്കുന്നതും കൂട്ടുകാരോടു എന്തൊക്കെയോ ചോദിയ്ക്കുന്നതും മാധവി കണ്ടിട്ടുണ്ടു്. അടുത്തദിവസം വിവാഹാലോചനകൂടിവന്നപ്പോൾ, മാധവിയ്ക്കുണ്ടായ സന്തോഷാത്ഭുതങ്ങൾ വിവരിയ്ക്കുക വയ്യ. പരിഷ്കാരം തൊട്ടുതെറിച്ചിട്ടുപോലുമില്ലാത്ത ആ "കണ്ട്റി" രാമൻനായരെയും, തന്റെ വരനാവാൻ കാംക്ഷിയ്ക്കുന്ന ആ പച്ചപ്പരിഷ്കാരിയെയും അവൾ താരതമ്യപ്പെടുത്തിനോക്കി. ഹാ, എല്ലാംകൊണ്ടും ഈ യുവാവുതന്നെ തനിയ്ക്കനുരൂപൻ. കേട്ടവർത്തമാനം ശരിയാണെങ്കിൽ, അവൾക്കു വരാനിരിയ്ക്കുന്ന ഭാഗ്യത്തിൽ കല്യാണിക്കുട്ടി അസൂയപ്പെട്ടുപോകും. പട്ടണത്തിലെ രമ്യഹർമ്മ്യങ്ങൾ; വിനോദാഡംബരങ്ങൾ; പരിഷ്കൃതരായ കൂട്ടുകാർ, വാഹനങ്ങളുടെ ബഹളം—ഇവയെല്ലാം ആലോചിച്ചു അവൾ സന്തോഷാശ്രുക്കൾ വാർത്തു. അവൾ മനമുരുകി പ്രാർത്ഥിച്ചു: "ദേവി, ഇക്കാര്യം സാധിപ്പിച്ചുതന്നാൽ ഒരു പണപ്പായസം".

5

"ആ ശിപായിയെക്കാൾ നൂറിരട്ടിഭേദം ഈ ഉദ്യോഗസ്ഥൻ തന്നെയാണ്. പുടമുറി വേഗമങ്ങു നടത്തിയേയ്ക്കുക? മാസ്റ്ററുടെ ഭാര്യ കുട്ടിമാളു അമ്മ വാശിയോടുകൂടി പറഞ്ഞു.

മാ:-നീ അവളുടെ അഭിപ്രായമറിഞ്ഞുവോ?

കു-അ: അവൾക്കു പൂർണ്ണസമ്മതമാണ്.

മാ: കഷ്ടം, നിങ്ങളൊക്കെ എന്തു കണ്ടിട്ടാണ് ഇതു മയങ്ങുന്നതെന്നു എനിയ്ക്കു മനസ്സിലാവുന്നില്ല. ആ മനുഷ്യന്റെ സ്വഭാവം, ഉദ്യോഗത്തിന്റെ നില, തറവാടിന്റെ സ്ഥിതി എന്നിവയൊന്നും ആലോചിയ്ക്കേണ്ടെന്നോ?

കു-അ: അതൊക്കെ പണിയ്ക്കർക്കറിയാം. കാഴ്ചയിൽ നിങ്ങൾക്കു ബോധിച്ചുവെങ്കിൽ ബാക്കി കാര്യങ്ങളൊക്കെ പണിയ്ക്കരേററു. അയാൾ ഒരു തറവാടിയാണെന്നാണ് ഇന്നലെ ഇവിടെവന്നു കണ്ടപ്പോൾ, എനിയ്ക്കും തോന്നിയതു്. എന്തൊരു പരിഷ്കാരം! ആ കുപ്പായത്തിന്റെ പകിട്ടും, കണ്ണടയുടെയും കൈവാച്ചിന്റെയും മട്ടും, സോപ്പുവാസനയും, കൂടെക്കൂടെയുള്ള സിക്രട്ട്‌വലിയും—ശിവനേ, ഞാനിത്ര യോഗ്യനായിട്ടുള്ള ഒരാളെ കണ്ടിട്ടില്ല.

തന്റെ ഭാര്യയുടെ അജ്ഞതയെപ്പററി മാസ്റ്റർ അത്ഭുതപ്പെട്ടു.

മാ:-യോഗ്യതയുടെ ലക്ഷണങ്ങൾ ഇതൊക്കെയാണെന്നാണോ ധരിച്ചുവെച്ചിട്ടുള്ളതു്? വിദ്യാഭ്യാസമോ മനസ്സംസ്കാരമോ ഇല്ലാഞ്ഞാലത്തെ അനുഭവം ഇതുതന്നെയാണ്. നല്ലതും ചീത്തയും തിരിച്ചറിയാനുള്ള അറിവെങ്കിലും വേണ്ടേ? ആ രാമൻ നായർ ചെറുപ്പമാണെങ്കിലും തറവാട്ടിൽ കാരണവനാണ്. ഉണ്ണാനുള്ള വകയുമുണ്ട്. അയാൾ മതി എങ്കിൽ പെണ്ണു ദൂരദിക്കിൽ പോകാതെയും കഴിയും. ഇപ്പോഴും സമ്മതമാണെന്നൊരു വാക്കു പറഞ്ഞാൽ അയാൾ വരും.

കു-അ:-മാധവിക്ക് അയാളെ വേണ്ടെന്നുവെച്ചാൽ! മനസ്സു് ഇണങ്ങിയിട്ടുള്ള ബന്ധമേ നിലനില്ക്കൂ.

മാ:-അതാണല്ലോ ഞാനും നിർബ്ബന്ധിക്കാത്തതു്. നല്ലതു പറഞ്ഞുതരേണ്ട കടമ എനിയ്ക്കുണ്ട്. അതു ഞാൻ ചെയ്തു. ഇനി നിങ്ങളുടെയൊക്കെ ഇഷ്ടം. ഈ-

പരിഷ്കാരഭ്രമംകൊണ്ടു തകരാറൊന്നും വരാഞ്ഞാൽ മതിയായിരുന്നു എന്നേ എനിയ്ക്കു പ്രാർത്ഥനയുള്ളൂ.

6

അങ്ങിനെ, മാധവിയുടെ അഭിലാഷം "ദേവി" നിറവേററി. ഒടുക്കം, അവൾ പരിണീതയായി. അവളുടെ ആഗ്രഹമനുസരിച്ചു അവൾക്കു സുന്ദരനും പരിഷ്കാരിയുമായ ഒരു ഉദ്യോഗസ്ഥനെ ഭർത്താവായി ലഭിച്ചു. അന്നു രാമൻനായരുടെ വിവാഹാലോചന നിരസിച്ചുകളഞ്ഞതു എത്ര നന്നായെന്നു അവൾ സ്വയം സന്തോഷിച്ചു.

അവൾ വഴിപാടു കഴിക്കാനമാന്തിച്ചില്ല. ക്ഷേത്രത്തിലേയ്ക്കു പോകുമ്പോഴും അവിടെനിന്നു മടങ്ങുമ്പോഴും പല മധുരചിന്തകളും അവളുടെ ഹൃദയത്തിലൂടെ കടന്നുപോയി. കൽക്കത്താനഗരം, നയനമോഹനങ്ങളായ അവിടത്തെ കാഴ്ചകൾ; ഒരു കൊച്ചു ബങ്കളാവ്; അതിലെ നായികയായ തന്റെ സ്വച്ഛജീവിതം—ഹാ, താൻ ഇത്രമാത്രം ഭാഗ്യം ചെയ്തിട്ടുണ്ടെന്നു അവൾക്കു വിശ്വസിയ്ക്കാൻ കഴിഞ്ഞില്ല.

പിറേറദിവസം മാധവി കൽക്കത്തയിലേയ്ക്കു വണ്ടികയറി. യാത്രയയപ്പിന്നു കല്യാണിയും കാലേകൂട്ടി വന്നുചേർന്നിരുന്നു. കൂടെക്കൂടെ കത്തയയ്ക്കണമെന്നു അവൾ പ്രത്യേകം ഏല്പിച്ചു.

7

"എനിയ്ക്കു ദേഹത്തിന്നും മനസ്സിന്നും ഒട്ടും സുഖമില്ല. കഴിയുന്നത്ര വേഗം അച്ഛൻ ഇങ്ങോട്ടുവന്നു എന്നെ നാട്ടിലേയ്ക്കു കൊണ്ടുപോകണം."

രണ്ടുമാസങ്ങൾക്കുശേഷം, ഒരുദിവസം, മാസ്ററർ നമ്പ്യാർക്കു കൽക്കത്തയിൽനിന്നു വന്ന മാധവിയുടെ ഒരു കത്തിലെ വാചകങ്ങളായിരുന്നു ഇതു്. അയാൾ അമ്പരന്നുപോയി. ഭാര്യ കാര്യമറിയാതെ കരഞ്ഞുതുടങ്ങി.

പക്ഷെ, വർത്തമാനമറിഞ്ഞ കല്യാണിയ്ക്കു അത്ഭുതമുണ്ടായില്ല. ഈ പരിഷ്കാരഭ്രമത്തിന്റെ-പുറംപൂച്ചു കണ്ടു മയങ്ങിയതിന്റെ—യൊക്കെ അനുഭവം അവൾ ദീർഘദർശനം ചെയ്തിരുന്നു. പോരെങ്കിൽ, അവൾക്കു കിട്ടിയ ഒരു സ്വകാര്യക്കത്ത് കാര്യങ്ങളുടെ കിടപ്പ് വ്യക്തമാക്കുകയും ചെയ്തു. അതിങ്ങിനെയായിരുന്നു.

പ്രിയപ്പെട്ട കല്യാണി,

നിന്റെ കത്തുകൾക്കു ഇതുവരെ ഞാൻ മറുപടി അയയ്ക്കാഞ്ഞതിൽ പരിഭവിയ്ക്കരുതേ. എന്റെ വിവാഹവിഷയത്തിൽ ഭിന്നാഭിപ്രായക്കാരിയായിരുന്ന നിന്നെ എന്റെ യഥാർത്ഥസ്ഥിതി അറിയിയ്ക്കാൻ ഇതുവരെ അഭിമാനം സമ്മതിച്ചില്ല. അതാണു് മറുപടിയ്ക്കു താമസമായതു്.

എന്റെ വൈവാഹികജീവിതത്തെപ്പററി ഒന്നും പറയാതിരിക്കുകയാണു് നല്ലതു്. പുറംപൂച്ചിന്റെ മിനുമിനുപ്പിനെക്കാൾ യാഥാർത്ഥ്യത്തിന്റെ പരുപരുപ്പു തന്നെയാണു് അഭിലഷണീയമെന്നു എനിയ്ക്കിപ്പോൾ ബോദ്ധ്യമായി—എനിയ്ക്കുണ്ടായ പരിഷ്കാരഭ്രമത്തിൽ ഞാൻ തികച്ചും പശ്ചാത്തപിയ്ക്കുന്നു. വിവാഹശേഷം ദുഃഖമല്ലാതെ സുഖം എനിയ്ക്കുണ്ടായിട്ടില്ല. എന്നിൽ സ്നേഹവും അനുകമ്പയുമല്ലാതെ ദ്വേഷവും അവജ്ഞയും നിങ്ങൾക്കാർക്കും തോന്നാതിരിയ്ക്കട്ടെ.

അച്ഛനെ കഴിയുന്നത്ര വേഗം ഇങ്ങോട്ടയയ്ക്കാൻ അമ്മയോടു പ്രത്യേകം പറയണേ.

ഭാഗ്യംകെട്ട മാധവി.

8

സ്കൂളിൽനിന്നു ഏതാനും ദിവസത്തെ കല്പനയും, ബാങ്കിൽനിന്നു പണ്ടം പണയംവെച്ച വക കുറച്ചു പണവും കയ്ക്കലാക്കി, മാസ്റ്റർ നമ്പ്യാർ കൽക്കത്തയിലെത്തി; മകളുടെ വാസസ്ഥലം കണ്ടുപിടിയ്ക്കാൻ തന്നെ ക്ലേശിച്ചു. അവളുടെ ദർശനമാത്രയിൽ അയാളുടെ കണ്ണുകൾ നനഞ്ഞു. സുഭഗകുമാരിയായിരുന്ന തന്റെ പുത്രി ഈ ചുരുങ്ങിയ കാലത്തിനകം അത്രമേൽ ചടച്ചുണങ്ങിയിരുന്നു. അവൾ പിതാവിന്റെ കാല്ക്കൽ വീണു പൊട്ടിക്കരഞ്ഞു.

മകളെ സാന്ത്വനപ്പെടുത്തിയശേഷം അയാൾ വിവരങ്ങളെല്ലാം ചോദിച്ചറിഞ്ഞു. ആ പിതാവിന്റെ ഹൃദയം നീറി.

കുറുപ്പിന്റെ സ്ഥിതിഗതികളെപ്പററിമാസ്ററർ നമ്പ്യാർ പുത്രിയിൽനിന്നും സമീപവാസികളിൽനിന്നും ഗ്രഹിച്ച വിവരം ഇതാണു്:

കുറുപ്പ് ഒരു കമ്പനിയുടെ മാനേജരായ സായ്‌വിന്റെ ബട്ട്ളർ ആണു്. എന്തു കട്ടംകൈ ചെയ്തിട്ടും സായ്‌വിന്റെ പ്രീതി സമ്പാദിയ്ക്കാൻ അയാൾക്കു മടിയില്ല. പ്രകൃത്യാ നിർദ്ദയനും നിഷ്ഠുരനുമാണു്. അയാളുടെ മദ്യപാനവും ദുർജ്ജനസഹവാസവും മൂലം മാധവി പല നരകയാതനകളും അനുഭവിയ്ക്കേണ്ടിവന്നിട്ടുണ്ടു്; എന്നിരുന്നാലും പല ഉപായങ്ങളും പ്രയോഗിച്ചു ഇതുവരെ അവൾ തന്റെ മാനത്തെ സംരക്ഷിച്ചു.

മാസ്ററർ നമ്പ്യാർ കൽക്കത്തയിൽ വണ്ടി ഇറങ്ങിയ വിവരം കിട്ടിയ ഉടൻതന്നെ കുറുപ്പ് അപ്രത്യക്ഷനായിക്കഴിഞ്ഞിരുന്നു. സമീപസ്ഥരായ ചില മലയാളികളുടെ ഔദാര്യത്താൽ മാസ്ററർക്കു രണ്ടുദിവസം അവിടെ താമസിയ്ക്കുവാനും പുത്രിയോടുകൂടി സ്വദേശത്തേയ്ക്കു മടങ്ങുവാനും തരപ്പെട്ടു. അയാൾ ഇന്നും കൃതജ്ഞതാപൂർവ്വം സ്മരിയ്ക്കുന്നുണ്ടു്.

# എന്റെ സാഹിത്യസ്മരണകൾ.

XII

[ശ്രീ. പി. വി. കൃഷ്ണവാരിയർ, കോട്ടയ്ക്കൽ]

ഞങ്ങളുടെ "ധന്വന്തരി" എന്ന ഏകവൈദ്യമാസിക 1079 പുതു ചിങ്ങം 1-നു കൃത്യമായി പ്രസിദ്ധപ്പെടുത്തിത്തുടങ്ങണമെന്നുദ്ദേശിച്ച് അതിന്റെ അച്ചടിയ്ക്ക് ഏർപ്പാടുചെയ്യാനായി 1078 കർക്കടകം ഒടുവിൽ ഞാൻ തൃശ്ശിവപേരൂർക്കു പോയി. എന്റെ തൃശ്ശൂർക്കുള്ള യാത്ര ആദ്യത്തെ പ്രാവശ്യമാകയാൽ സഹായത്തിന്നു കഴിഞ്ഞുപോയ വാചസ്പതി ടി. സി. പരമേശ്വരൻ മൂസ്സതിനെക്കൂടി ഒന്നിച്ചുകൂട്ടിയിരുന്നു. അക്കാലത്ത് അച്ചടിയ്ക്കു സുപ്രസിദ്ധമായിരുന്ന കേരളകല്പദ്രുമം അച്ചുക്കൂടത്തിലേക്കാണു ഞങ്ങളൊന്നാമതായി ചെന്നത്. അന്ന് അതിന്റെ മാനേജർ പല അച്ചുക്കൂടങ്ങളിലും പ്രവൃത്തിച്ചു ധാരാളം പഴക്കവും പരിചയവും സമ്പാദിച്ച ശ്രീ. മാളിയമ്മാവു കുഞ്ഞുവറീയതായിരുന്നു. ആ മാന്യൻ അച്ചുക്കൂടത്തിന്റെ പ്രാപ്തനായ ഒരു മാനേജരായിരുന്നു എന്നു മാത്രം പറഞ്ഞാൽപോരാ. തികഞ്ഞ തറവാടിത്തവും, തെളിഞ്ഞ സഹൃദയത്വവും ഉള്ള അദ്ദേഹത്തിന്റെ സ്വഭാവശുദ്ധിയും വിശേഷിച്ചു സൌജന്യവും പ്രത്യേകം പറയേണ്ട ഗുണങ്ങളാണെന്നു ക്ഷണത്തിൽ എനിയ്ക്കനുഭവപ്പെട്ടു. അന്നുമുതൽക്കു ആരംഭിച്ചതായ ഞങ്ങളുടെ സൌഹാർദ്ദം ക്രമേണ സുദൃഢമായിത്തീർന്നിട്ടുള്ളതല്ലാതെ അതിന്നൊരു ഭംഗമോ ഉപരോധമോ ഒരിക്കലുമുണ്ടായിട്ടില്ല. ശ്രീ. കുഞ്ഞുവറീയത് പിന്നീട് ഒരു കൊല്ലത്തിന്നുശേഷം കല്പദ്രുമം വിടുകയും, സ്വന്തമായി 'ഭാരതവിലാസം' എന്ന മുദ്രാലയം സ്ഥാപിക്കുകയും അവിടെവെച്ചു പല സാഹിത്യസഭകൾ നടത്തുകയും ചെയ്തിട്ടുള്ളതെല്ലാം പ്രത്യേകം ഓരോ പുസ്തകമായി പ്രസിദ്ധപ്പെടുത്തിട്ടുണ്ട്. കുറച്ചുകാലത്തിന്നുശേഷം ഭാരതവിലാസം അച്ചുക്കൂടം അനുജനായ മി. മാത്തുവിനു ഭാഗിച്ചുകൊടുക്കുകയും, വാണീകളേബരം എന്ന പേരിൽ പുതിയ ഒരച്ചുക്കൂടം സ്വന്തം സ്ഥലത്തുതന്നെ ഏർപ്പെടുത്തിനടത്തുകയും ചെയ്തുകൊണ്ടിരിക്കുമ്പോളാണു മി. കുഞ്ഞുവറീയത് അന്തരിച്ചത്.

'ധന്വന്തരി' ഓരോ ലക്കത്തിനും ഡമ്മി നാലുവലിപ്പത്തിൽ എട്ടെട്ടു ഫോറം വേണമെന്നു നിശ്ചയിച്ചു. അതിൽ ഓരോ ഭാഗവും ഈരണ്ടുപത്തി (കോളം) ആയിരിക്കണം. ഇതിന്റെ നടുവിൽ കുത്തനെ ഒരു കറുത്തവര കാണത്തക്കവിധമാണു പ്രവൃത്തിക്കാർ ഫോറം തയ്യാറാക്കിയത്. അതു പാടില്ലെന്നും, നടുക്കു വെള്ളയായി ഒഴിഞ്ഞുകിടക്കണമെന്നും ഞാൻ നിർബന്ധിച്ചു. അങ്ങിനെയാണല്ലോ പ്രസിദ്ധപ്പെട്ട ഇംഗ്ലീഷു മാസികകളിൽ കാണുമാറുള്ളതു്. ആവശ്യമുണ്ടെങ്കിൽ അതുപോലെ മാതിരികാണിക്കാനായി ഇൻഡ്യൻ മെഡിക്കൽ ഗസററിന്റെ ഒരു പ്രതിയും ഞാൻ കയ്യിൽ കരുതിയിരുന്നു. അതു കാണിച്ചുകൊടുത്തിട്ടും അവർക്കതു സാധിക്കുകയില്ലെന്നു ശഠിച്ചു. ഞാനും വിട്ടില്ല. ഒടുവിൽ മാനേജരെ വരുത്തുവാൻ ഞാൻ ആവശ്യപ്പെട്ടു. അവർ വന്നപ്പോൾ റൂളിന്നുപകരം ആവശ്യമുള്ള വലിപ്പത്തിൽ ഒരു ചില്ലുണ്ടാക്കിച്ച് പറഞ്ഞുകൊടുത്തു. അതു അവർക്കും സമ്മതമായി. അതാണു പിന്നെ രണ്ടുകോളത്തിന്റേയും നടുക്കു വെള്ളയായിരിക്കാൻ ഉപയോഗിച്ചതു്. സുമാർ നാല്പത്താറു വർഷങ്ങൾക്കുമുമ്പ് മലയാളത്തിലെ ഒരു പ്രധാനമായ മുദ്രാലയത്തിലെ പ്രവൃത്തിക്കാർക്കു ഇത്ര ലഘുവായ ഒരു പരിഷ്കാരംപോലും സാദ്ധ്യമല്ലെന്നു കണ്ടതിൽ ഞാൻ അത്ഭുതപ്പെടുകതന്നെ ചെയ്തു. അക്കഥയൊക്കെപ്പോയി. ഇന്നു കേരളത്തിലെ അച്ചടിവേല എത്ര പരിഷ്കരിക്കപ്പെട്ടിരിക്കുന്നു. ഈ കല്പദ്രുമമാണു പിന്നീടു മംഗളോദയക്കാർ വാങ്ങി പേരുമാററിയതു്.

1078 മാണ്ടിലെ തൃശ്ശിവപേരൂർ പട്ടണം പുറമേനിന്നു വരുന്ന എന്നെപ്പോലെയുള്ള, ഒരാൾക്കു, നാലഞ്ചുദിവസം താമസിക്കുവാൻ അശേഷം സൌകര്യമുള്ളതായിരുന്നില്ല. അവിടെ പരിചിതന്മാരുണ്ടെങ്കിൽ ബുദ്ധിമുട്ടില്ലായിരിക്കും. വാടകകൊടുത്താൽ താമസത്തിന്നു പററിയ മുറികൾ തരുവാൻ ഒരുക്കമുള്ള ഹോട്ടൽക്കാരും അന്നവിടെ ഉണ്ടായിരുന്നതായി ഞാൻ കണ്ടില്ല. അതുകൊണ്ടു ബുദ്ധിമുട്ടുകൂടാതെ നാലഞ്ചുദിവസം അവിടെകഴിച്ചുകൂട്ടുവാൻ ഒരു സ്ഥലം ഏർപ്പാടുചെയ്തുതരുവാൻ ഞങ്ങൾ "കല്പദ്രുമം" മാനേജരോടു തന്നെ ആവശ്യപ്പെട്ടു. അദ്ദേഹം അതിന്നു ഞങ്ങൾക്കു ഒരാളെ പരിചയപ്പെടുത്തിത്തന്നു. തൃശ്ശിവപേരൂർക്കു പോയാൽ പ്രധാനമായി പരിചയപ്പെടേണ്ടുന്ന ഒരു പൌരമുഖ്യനാണു ആ മാന്യനെന്നു സ്വല്പനേരത്തെ സംഭാഷണംകൊണ്ടുതന്നെ ഞങ്ങൾക്കു മനസ്സിലായി. കുറച്ചുകാലം "വിദ്യാവിനോദിനി"യുടെ പത്രാധിപരായിരുന്ന ആളും, ശങ്കരഭാഷ്യത്തോടുകൂടിയ ഭഗവൽഗീത, വിവേകാനന്ദസ്വാമികളുടെ കർമ്മയോഗം, ഭക്തിയോഗം മുതലായ പ്രസംഗങ്ങൾ, ഹെർബർട്ടു സ്പെൻസറുടെ വിദ്യാഭ്യാസം എന്ന പ്രൌഢകൃതി ഈവക അനേകം വിശിഷ്ടപുസ്തകങ്ങൾ മലയാളത്തിലേക്കു സുഗമരീതിയിൽ വിവർത്തനംചെയ്ത കെ. എം. സുപ്രസിദ്ധസാഹിത്യകാരനല്ലാതെ മററാരുമല്ലായിരുന്നതു്. ഈ പുതിയ പരിചിതൻ ശ്രീ. കെ. എം. ഞങ്ങളെ

അതുദ്ദേഹത്തിന്റെകൂടെ താമസിക്കുവാൻ കഴിഞ്ഞില്ല. വടക്കെ കൊട്ടാരത്തിന്റെ മുമ്പിൽകൂടിയുള്ള നിരത്തിന്റെ മറെറ എതിർവശത്തു, ആ വീട്ടുകാരുടെ വകയായിട്ടുതന്നെ ഒരു ചെറിയവീട് ഒഴിഞ്ഞിരുന്നു. വി. കെ. രാമൻമേനോൻ തോപ്പൂർ പണിയിച്ചതായ ആ സ്ഥലത്തായിരുന്നു കെ. എം. താമസിച്ചിരുന്നതു. ആരോഗ്യം കുറവായിരുന്ന അദ്ദേഹം അവിവാഹിതനായതിനാൽ അവിടെ താമസിച്ചിരുന്നത് ഏകനായിട്ടായിരുന്നു. അന്നു ഞങ്ങൾക്ക അധികം സൌകര്യമായി, കെ. എം. എന്നപേരിൽ പ്രസിദ്ധനായിരുന്ന ഈ കുഞ്ഞൻമേനോന്റെ സഹവാസംതന്നെ ഞങ്ങൾക്ക വളരെ രസകരമായിരുന്നതുകൂടാതെ, മററു മഹാവിദ്വാന്മാരെക്കൂടി അവിടെതന്നെവെച്ചു പരിചയപ്പെടുവാൻ സാധിച്ചു. കെ. എം. ഭഗവൽഗീതയും ശങ്കരഭാഷ്യവും ഭാഷപ്പെടുത്തിത്തുടങ്ങിയ കാലമായിരുന്ന അതു്. ഇതിലേക്കുള്ളതിന്ന ഇടയ്ക്കിടയ്ക്ക നേരിട്ടിരുന്നസംശയങ്ങൾ തീർക്കുവാൻ ഒരേ സമയത്തു അവിടെവന്നിരുന്നതുമായിരുന്നു പ്രസിദ്ധപണ്ഡിതൻ. സർവ്വജ്ഞനായ കൈക്കുളങ്ങരെ രാമവാരിയർഅവർകളുടെശിഷ്യനായ ഏ. കൃഷ്ണൻഎമ്പ്രാന്തിരിയുടെപേർ ഭാഷാപ്രേമികൾക്ക അപരിചിതമായിരിക്കയില്ല. ഈ എമ്പ്രാന്തിരി രാമവാരിയരുടെ ശിഷ്യത്വം വഹിച്ചിട്ടുണ്ടെന്നു പറഞ്ഞാൽതന്നെ അതിബുദ്ധിമാനും മഹാപണ്ഡിതനുമായിരുന്നു എന്നു തീർച്ചയാക്കാമല്ലോ. അതിനുപുറമെ തികഞ്ഞൊരു വേദാന്തിയും, സന്യാസിവൃത്തിയിൽ ജീവിതംകഴിച്ചുവന്നിരുന്ന ഒരുപുണ്യപുരുഷനുമായിരുന്ന അദ്ദേഹം സൂതസംഹിതയിലന്തർഭവിച്ചുള്ള, അനേകം ഉപനിഷത്തുകളുടെ സാരാംശങ്ങളടങ്ങിയതുമായ ബ്രഹ്മഗീത ഇദ്ദേഹം കിളിപ്പാട്ടായി തർജ്ജമചെയ്തിരിക്കയാൽ നല്ലൊരു ഭാഷാകവിയായിരുന്നു എന്നുകൂടി പറയാം. ഈ എമ്പ്രാന്തിരിയുമായ സംസാരിച്ചുകൊണ്ടിരിക്കുന്നതു സംസാരികൾക്ക ഒരു സമയത്തുതന്നെ വിജ്ഞാനപ്രദവും വിനോദകരവുമായ ഒരു സുരഭോഗമായിരിക്കും. ഇങ്ങനെ മേലേകിടയിലുള്ള കവിശ്രേഷ്ഠന്മാരുടെ പരിചയവും പ്രോത്സാഹനവും എനിക്ക ഭാഗ്യവശാൽ സിദ്ധിക്കുവാനിടയായി.

ഈ കാലത്തിൽതന്നെയാണ 'കവിതിലകൻ' ശ്രീ കണ്ണൂർ നാരായണമേനോന്റെയും പരിചയം സമ്പാദിക്കാൻ എനിക്കു സാധിച്ചതു്. തൃശ്ശിവപേരൂരിൽ താമസിക്കുന്നതിനിടയ്ക്ക് ഒരു ദിവസം രാവിലെ വാചസ്പതിയും ഞാനുംകൂടി തിരുവമ്പാടിയിലുള്ള അദ്ദേഹത്തിന്റെ വസതിയിൽചെന്നു. അന്നവിടെ തഹശീൽദാർ മജിസ്ട്രേട്ടായിരുന്ന കണ്ണൂർ ഞങ്ങൾ ചെന്നസമയത്തു പൂമുഖത്തു ഒരു ചാരുകസേരയിൽ കിടന്ന് ഏതോ വായിക്കുകയായിരുന്നു. അപരിചിതരായ ഞങ്ങളെ കണ്ടഉടനെ അദ്ദേഹം അടുത്തുവന്നു വിവരങ്ങൾ ചോദിക്കുകയും ആളെമനസ്സിലായപ്പോൾ ഞങ്ങൾക്ക് ഓരോ കസേര തന്നിരുത്തിയശേഷം അദ്ദേഹം അടുക്കൽ വന്നിരുന്നു കുശലപ്രശ്നം ആരംഭിക്കുകയും ചെയ്തു. അക്കൂട്ടത്തിൽ അല്പം കാപ്പികഴിക്കുവാൻ വിരോധമുണ്ടോ എന്നു ചോദിച്ചതിന്നു വിരോധമില്ലെന്നു ഞങ്ങൾ പറയുകയാൽ ഉടനെ കാപ്പിയും പലഹാരവും കൊണ്ടുവന്നു. ഉതിന്ന് അകത്തുനിന്നാളെ വിളിച്ചു വരുത്തിയതു കൈകൊട്ടിയായിരുന്നു. അതല്ലാതെ മണിയടിച്ചിട്ടോ, വിളിച്ചിട്ടോ അല്ല. കണ്ണൂരിന്റെ ഈ ഒരു പ്രത്യേക സമ്പ്രദായം പിന്നെയും ഞാൻ അനവധി തവണ കണ്ടിട്ടുണ്ട്. "കൃഷ്ണവാരിയർക്ക കവിതയുണ്ട് ഇല്ലേ? ഞാനെതിലോ വായിച്ചതായി ഓർക്കുന്നുണ്ട്, വിദ്യാവിനോദിനിയിലാതിരിക്കുമോ എന്നു സംശയം. മൂസ്സിനും കവിതയുണ്ടായിരിക്കുമല്ലോ" കണ്ണൂരിത്രയും ചോദിച്ചപ്പോൾ ഞാൻ അല്പാല്പം കവിതയുണ്ടാക്കാറുണ്ടെന്നും, വല്ലതും കണ്ടിട്ടുണ്ടെങ്കിൽ അതു വിദ്യാവിനോദിനിയിൽ തന്നെ ആയിരിക്കുമെന്നും, മൂസ്സതിന്നു കവിതയുള്ളതു സംസ്കൃതത്തിലാണെന്നും ഞാൻ മറുപടി പറഞ്ഞു. എന്റെ കൃതികളെന്തെങ്കിലും ചൊല്ലുവാനായി ആവശ്യപ്പെട്ടപ്പോൾ രസികരഞ്ജിനി 1-ാം പുസ്തകം 1-ാം ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയതും, ഈ സ്മരണകളിൽ 10 (X)-ാം ഖണ്ഡത്തിൽ പ്രസിദ്ധപ്പെടുത്തിയതുമായ പാർവ്വതീസ്തവപഞ്ചകം അഥവാ ഒരു ശബ്ദാലങ്കാരപരീക്ഷ എന്ന കൃതി ഞാൻ ചൊല്ലി. ഇതുംകേട്ടപ്പോൾ ശബ്ദാലങ്കാരപ്രിയനായ കണ്ണൂരിന്നു വളരെ രസിച്ചു എന്നാണെനിക്കുതോന്നിയതു്. അതദ്ദേഹം തുറന്നു പറയുകയും ചെയ്തു. ലോകമാന്യതിലകന്റെ ബന്ധനകാലത്തു അതിനെപ്പററി വിജ്ഞാനചിന്താമണിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന തന്റെ ശ്ലോകവും മററും മൂസ്സതും ചൊല്ലാതിരുന്നില്ല. പിന്നെ ഞങ്ങളാവശ്യപ്പെട്ടപ്രകാരം സ്വന്തം കൃതികൾ പലതും കണ്ണൂരും ചൊല്ലി. മാത്രമല്ലാ അക്കാലത്തെ പ്രസിദ്ധകവികളായ ഒറവങ്കര, ശീവൊള്ളി കൊച്ചുണ്ണിത്തമ്പുരാൻ മുതലായവരുടെ പലശ്ലോകങ്ങളും കണ്ണൂർ ചൊല്ലുകയും, അവയിലെ ഓരോ പ്രയോഗചാതുര്യത്തെപ്പററി പ്രത്യേകം പ്രശംസിച്ചുപറകയുംചെയ്തു. ഇങ്ങനെ ശ്ലോകങ്ങൾ ചൊല്ലിയും കവിതയുടെ ഗുണദോഷനിരൂപണംചെയ്തും നേരം പോയതറിഞ്ഞില്ല. 12

മണികഴിഞ്ഞതിനുശേഷം താസിൽദാൎക്കു കച്ചേരിക്കുപോകേണ്ടകാൎയ്യം ഞങ്ങൾ ഓൎമ്മപ്പെടുത്തി. അതിനു ബദ്ധപ്പാടില്ല എന്നായിരുന്നു കണ്ണൂരിന്റെ മറുപടി. പിന്നേയും കുറെനേരം കവിതാവിഷയം കൊണ്ടുതന്നെ കഴിച്ചുകൂട്ടിയശേഷം ഹോട്ടലിൽ ഊണുതെറ്റുമെന്നു പറഞ്ഞു ഞങ്ങൾ പുറപ്പെട്ടു. എന്നാൽ വൈകുന്നേരം വരണമെന്നും, ഊണിന്നവിടെ അടുത്തുള്ള നമ്പൂതിരിയുടെ ഇല്ലത്തു ഏൎപ്പാടുചെയ്യാമെന്നും കണ്ണൂർ നിൎബ്ബന്ധമായി പറയുകയും, ഞങ്ങളതു സമ്മതിക്കുകയും ചെയ്തിട്ടാണ് വിട്ടയച്ചത്.

ഏററപ്രകാരംതന്നെ ഞങ്ങൾ രണ്ടാളും വൈകുന്നേരം സന്ധ്യയ്ക്കുമുമ്പേ കണ്ണൂരിന്റെ വീട്ടിലെത്തി. അപ്പോഴേയ്ക്കും അദ്ദേഹം കച്ചേരിയിൽനിന്നുവന്നു കുളിയും മററും കഴിച്ച് ഞങ്ങളെ കാത്തിരിപ്പായിരുന്നു. ഞങ്ങൾക്കു കാപ്പിസൽക്കാരം ചെയ്തശേഷം കണ്ണൂർ പറഞ്ഞു. "എനിയ്ക്കു കുഞ്ഞുവാരിയരുടെ പഞ്ചകം വളരെ പിടിച്ചു. ഞാനും അതേ വൃത്തത്തിൽ ഒരു പഞ്ചകം എഴുതിനോക്കീട്ടുണ്ട്. അതു നന്നായിരിക്കയില്ല, കേൾക്കൂ," എന്നുള്ള പ്രസ്താവനയോടുകൂടി അദ്ദേഹത്തിന്റെ അഞ്ചു ശ്ലോകവും ചൊല്ലി. പ്രാസാനുപ്രാസങ്ങളെക്കൊണ്ടു ജാജ്വല്യമാനമായ ആ കൃതി കേട്ടപ്പോൾ ഞങ്ങളത്ഭുതപ്പെട്ടുപോയി. ഇങ്ങനെ ഒരു കവിത ഉണ്ടാക്കുവാൻ എപ്പോളാണിദ്ദേഹത്തിന്നിടകിട്ടിയത്. ഒരുമണിവരെ ഞങ്ങളൊന്നിച്ചു സംസാരിച്ചിരിക്കുകയായിരുന്നു. പിന്നെ ഊണുകഴിച്ചു കച്ചേരിയ്ക്കു പോവുകയും, മുതലായുള്ള പ്രവൃത്തികൾ തീൎക്കുകയും ചെയ്യാതെ കഴിയില്ല. അതൊക്കെകഴിച്ച് കച്ചേരിയിൽനിന്നു വന്നിട്ടും കുറച്ചുനേരമായിട്ടുണ്ടെന്നു കണ്ടാൽ തോന്നും. ഈ നിലയിൽ എപ്പോളാണിതു പററിച്ചതെന്നു ഞങ്ങൾ ചോദിച്ചു "കോടതിയ്ക്കു പോകുമ്പോഴും മടക്കത്തിലും വണ്ടിയിലിരിക്കുമ്പോൾ ഇതായിരുന്നു ജോലി" എന്നദ്ദേഹം ചിരിച്ചുകൊണ്ടു സമാധാനം പറഞ്ഞു. സുചിരാഭ്യാസവും, സഹൃദയസംവാദവും സിദ്ധിച്ചിട്ടുള്ള കണ്ണൂരിന്നു ദ്രുതകവനത്തിനു പ്രയാസമില്ലെങ്കിലും, ഇത്രമാത്രം പ്രയാസമുള്ള ഒരു കൃതി നിൎമ്മിക്കണമെങ്കിൽ കുറച്ചുനേരം മിനക്കെട്ടതന്നെ വേണമല്ലോ. കണ്ണൂരിന്റെ കവിതാപാടവത്തിന്നു ഒരു പ്രത്യക്ഷലക്ഷ്യമായ ആ പഞ്ചകം "ലക്ഷ്മീഭായി" മാസികയിലാണ് പ്രസിദ്ധപ്പെട്ടിട്ടുള്ളതെന്നു തോന്നുന്നു. ഈ വക ശബ്ദാലങ്കാരധോരണി വെറും തൊണ്ടിന്മേൽ കളിയാണെന്നോ, സൎക്കസ്സാണെന്നോ പറഞ്ഞ് ആക്ഷേപിക്കുന്ന ചില വിമൎശകവിരോധങ്ങളായിരിക്കും. അത് അവരുടെ ധൎമ്മമാണ്. കാവ്യകലാരസികന്മാൎക്ക് ഇതും രസിക്കുമെന്നും, യഥാൎത്ഥകവിതാപാടവമുള്ളവരുടെ ഈ വക അഭ്യാസങ്ങൾ ഒരു വൈചിത്ര്യമാണെന്നും സാഹിത്യമൎമ്മജ്ഞന്മാരായ സഹൃദയന്മാർ സമ്മതിക്കുമെന്നുതന്നെയാണ് എന്റെ വിശ്വാസം.

സന്ധ്യകഴിഞ്ഞശേഷം കുളിയും ഊണും കഴിക്കുവാനായി ഒരു ഭൃത്യനെ വിളക്കുംകൊടുത്തു ഞങ്ങളുടെകൂടെ അയച്ചുതന്നു മുസ്സതും ഞാനും നമ്പൂതിരിയുടെ ഇല്ലത്തുതന്നെ ഉള്ള കുളത്തിൽ കുളിച്ച് വളരെ നല്ലതായി ഭക്ഷണം കഴിച്ചശേഷം എട്ടുമണിയ്ക്കു വീണ്ടും കണ്ണൂരിന്റെ വീട്ടിലെത്തി. അപ്പോഴയ്ക്കു് അദ്ദേഹവും ഊണുകഴിച്ചു കാത്തിരിപ്പായിരുന്നു.

പിന്നേയും കവിതയെപ്പററിയല്ലാതെ ആരുമാൎക്കും സംസാരിക്കുവാനുണ്ടായിരുന്നില്ല. പ്രാസവിഷയത്തിൽ അദ്ദേഹത്തിന്നു കണക്കില്ലാത്ത ഭ്രമമുണ്ടായിരുന്നു. ദ്വിതീയാക്ഷരപ്രാസം മാത്രമുണ്ടായാൽ പോരാ; തൃതീയചതുൎത്ഥാക്ഷരങ്ങൾക്കുകൂടി പ്രാസമുണ്ടായാൽ വേണ്ടില്ലെന്ന് അദ്ദേഹത്തിനഭിപ്രായമുണ്ട്. അതുപ്രകാരം അദ്ദേഹം പലതിലും ഒപ്പിച്ചിട്ടുമുണ്ട്. പക്ഷേ,

"വാസന്തീമധുവാർന്നു വാകിന സജാ-
തീയദ്വിതീയാക്ഷര-
പ്രാസാതിപ്പു കൈരളീമഹിളതൻ
മംഗല്യമാണോൎക്കണം"

എന്നുള്ള സിദ്ധാന്തം അന്നില്ലായിരുന്നു. എതിൎക്കുന്നതിലാണധികം ശ്രദ്ധ. "കേരളവൎമ്മപ്രാസം" എന്നു പറയുന്ന ഈ പ്രാസത്തിൽ നിഷ്കൎഷവേണമെന്നു താൻ നിൎബ്ബന്ധിക്കുകയും, അതതവസരത്തിലുള്ള ചില ശ്ലോകങ്ങൾ ഞാൻ ചൊല്ലുകയും ചെയ്തപ്പോൾ അതിനു പ്രത്യേകം ഒരു സൌന്ദര്യമുണ്ടെന്നുതന്നെ അദ്ദേഹം സമ്മതിച്ചു. അൎത്ഥനിഷ്കൎഷ എങ്ങനെയായാലും വേണ്ടതാണ്. അൎത്ഥത്തിനു ചേൎച്ചയായല്ലാ ശബ്ദം പ്രയോഗിക്കുന്നത്. പ്രകൃതിക്കു ഭംഗി തികച്ചും വേണമെന്നു പറയുന്നതോടുകൂടി ആകൃതിയും അതിന്നനുസരിച്ചു നന്നാകണമെന്നേ പ്രാസപക്ഷപാതികൾ വാദിക്കുന്നുള്ളൂ. ഏതായാലും ഇങ്ങനെ രാത്രിയിൽ വളരെനേരം സംസാരിച്ച് ഏതാണ്ട് മൂന്നുമണിയ്ക്കുശേഷമേ ഞങ്ങളുറങ്ങിയുള്ളൂ. അതുനിമിത്തം കാലത്തുണരുവാൻ അല്പം വൈകി. ഞങ്ങളുണൎന്നുനോക്കിയപ്പോൾ ഞങ്ങൾക്കു കാപ്പി തയ്യാറാക്കിയിരിക്കുന്നു എന്നുംപറഞ്ഞ് കണ്ണൂർ സുസ്മേരവദനനായി പൂമുഖത്തു കാത്തിരിക്കുന്നുണ്ടാ

# ഗാന്ധിനിർവ്വാണം.

[ശ്രീ. വടക്കേപ്പാട്ട് നാരായണൻ നായർ, വടവന്നൂർ.]

(തുടർച്ച)

ഉപരിവാസരമിത്ഥമത്ര സ-
ന്നിഹിതാം പശ്ചിമതാപിസംഗമേ
അവിപന്നമതാവവലംബിതഃ
സരസം പ്രേമികമാപ്യവർത്തത. 41

ഗതപൂർവ്വ സമാജസംസ്തുത-
വ്യവഹാരാർത്ഥ നിബന്ധപൂർണ്ണതാഃ
കതിചിന്ന വധൻസംഹിതാ-
വിഷയപ്രശ്ന വിമർശമാദധുഃ 42

"സമദർശനമിഷ്യതേ വിദാം
വ്യവഹാരസ്തു സമാനശോഭനഃ
അവിരോധശോഹ്യപേക്ഷതേ
നനു വർണ്ണാശ്രമ ധർമ്മയന്ത്രണം" 43

"പരിണാമ സഹസ്രദന്തുരോ
യുഗധർമ്മഃ പരിവൃത്തിമർഹതി
വിപദേ കലഹായ വാദഃവത്
പ്രകൃതിഃ സാപുരുഷൈരപേക്ഷിതാ" 44

"കപടിദസ്യു രിപോര ഹിംസയാ
പ്രശമാ വ്യക്തിഗതേ ജിഘാംസതേ
മതമർമ്മഗിതേ മതാത്പ്ലുതേ
സഹനം കുത്ര ശമായ കല്പതേ" 45

ഴിരുന്നു. താല്ക്കാലികകൃത്യങ്ങളും കാപ്പിയും കഴിച്ചു ഞങ്ങൾ പുറപ്പെട്ടു. അന്നും തലേദിവസത്തെപ്പോലെ വൈകുന്നേരം വരണമെന്നു ചട്ടം ചെയ്തിട്ടാണ് ഈ ഉദാരമനസ്കൻ ഞങ്ങളെ വിട്ടയച്ചത്.

അന്നത്തെ പകൽകൊണ്ട് ഞങ്ങളുടെ കാര്യങ്ങളെല്ലാം കലാശിച്ചതിനാൽ വൈകുന്നേരമായപ്പോഴേക്കും കണ്ണന്റെ വീട്ടിലെത്തുവാൻ സാധിച്ചു. കാപ്പി, ഭക്ഷണം മുതലായതെല്ലാം തലേദിവസത്തെ ക്രമത്തിൽ തന്നെ കഴിഞ്ഞു. സംഭാഷണവിഷയവും സാഹിത്യമല്ലാതെ മറ്റൊന്നുമായിരുന്നില്ല. പിറ്റേന്നു കാലത്തു ഞങ്ങൾക്കു നാട്ടിലേക്കു മടങ്ങിപ്പോരേണ്ടതാകയാൽ രാത്രി ഒരുമണിയായപ്പോഴാം കിടന്നുറങ്ങി. പുലർച്ചെ യാത്രപറഞ്ഞു പിരിയുമ്പോൾ അങ്ങോട്ടപേക്ഷിക്കാതെതന്നെ "ധന്വന്തരി"യുടെ ഒരുകൊല്ലത്തെ വരിസംഖ്യ ഏക മുൻകൂട്ടിത്തരികയും, ഇനി തൃശ്ശൂർക്കു വരുമ്പോഴെല്ലാം അവിടെ ചെല്ലണമെന്നു പ്രത്യേകം ക്ഷണിക്കുകയും ചെയ്തു. പിന്നെ അവസാനംവരെ അദ്ദേഹം ധന്വന്തരിയുടെ ഒരു സ്ഥിരവരിക്കാരനായിരിക്കുകയും ചെയ്തിരുന്നു.

—:o:—

"ഇതി കാമ മദേദ മാവനം
തദഹിംസേതി മഹാത്മനോ മതം
ചിരപാധി- സമഷ്ടിരഞ്ജിനീ
നവമി സിദ്ധിരിയം ഹി കാമദേക്" 46

"ഉപപന്ന മുദാഹൃദംത്വന,
കപി ദേതത്സമുപാസ്യതേ തദാ
യദി കേവല സാത്വികീവിധേ"-
ന്നര സൃഷ്ടിർഭവിതാ കദാചന. 47

നനു ഭാരത ബന്ധമോചനം
ബഹുധാ ധർമ്മദസൌഹൃദാർജ്ജനം
പരമേശ്വരമന്ദിരാവിശ-
ദ്ദ്വിപചണ്ഡാലമന ഭേദമാർജ്ജനം. 48

ജനസമ്മതരാജ്യതന്ത്ര സം-
ഘടനാപീഠ ദൃഢസ്ഥ ബന്ധനം
നവലൌകിക സന്ധിവിഗ്രഹാ-
ദ്യവധാതവ്യഗുണപ്രസാധനം 49

ചിരമുന്നത ജാത്യധഃ കൃതോ-
ദ്ധരണം ചേതി യദന്യദീദൃശം
സകലം തദഹിംസയാ പവി-
ത്രിതചിത്തേന മഹാത്മനാ കൃതം" 50

"ഇദമന്യ ദനന്യസൈർ ഗുണൈഃ
സമഹാത്മാ യദുപാസ്യതേ ജനൈഃ
വിപരീത ഫലാ തുസാനകിം
തദഹിംസാവിനിയോഗപദ്ധതിഃ 51

ബഹുചക്ഷമിതാ അനാഗസഃ
സ്വജനാ ഹന്ത യമക്ഷയം ഗതാഃ
വിമതസ്ഥ വിചിത്ര ഹിംസയാ
ബലിനാം നഃ പരിപശ്യതാം പുരഃ 52

രഹിതാദയിതാ സഹോദരീ
ജനനീ ച വിധർമ്മ രാക്ഷസൈഃ
അപമാനിതമർദ്ദിതാഹത
ബലിനാം നഃ പരിപശ്യതാം പുരഃ 53

നിപതന്തു വിപക്ഷ രക്ഷസാം
പദസംവാഹനപുണ്യ മണ്ഡിതാഃ
ത്രിതയാക്ഷരമന്ത്രയന്ത്രിതാഃ
സ്വജനാഃ കിം നര യജ്ഞവഹ്നിഷു? 54

പരിഹാര്യമിദം തു വൈശസം
നവിഷഹ്യാം വിധി ദുർവ്വിഡംബനം
നവിനശ്യതു ഹാ തപസ്വിനീ
ദേവി വർണ്ണാശ്രമ ധർമ്മദേവതാ. 55

അപിനിർദ്ദയതാമഹസ്തൈഃ
സത്യാഗ്രഹണാം നപുനർഭവിഷ്യതി
ഖടിശുദ്ധനിർദ്ദയീശപാരാ
ഖലിധർമ്മശ്ച വിശൃംഖലക്രമഃ 56
ഇതിപക്ഷ വിപക്ഷവാദിനി-
ഗ്രഹസംരംഭവിശേഷദുർഗ്ഗിതേ
ശ്രുതപഞ്ചമാലപ്പികാരവ-
സ്തനിതാ സ്തത്ര ജനാശ്ചകമ്പിരേ. 57
അഥ തത്ര "മഹാത്മഗാന്ധി കീ-
ജയ" ശബ്ദസ്തുമുലോ വ്യജൃംഭത
സമവിസ്പഷ്ടിതസ്തദാഗമ-
ഗ്രഹണോത്കണ്ഠിതസൈന്യകണ്ഠജഃ 58
വിഷയാന്തരമുക്തവൃത്തയോ
വിരളാഗാരവിശേഷദൃഷ്ടയഃ
അഭിലക്ഷ്യ കിമപ്യഹോ ജനാഃ
പ്രണമന്തോ ജയശബ്ദമുജ്ജഗുഃ 59
നിജധാമവിസൃഷ്ടതാംസ്തതോ-
ഽവതീര്യാവനിമാസ്ഥിതഃ പ്രഭുഃ
അനുഗൃഹ്യ ദൃശാ കൃതാഞ്ജലീഃ
ചലിതഃ പ്രാർത്ഥനമണ്ഡപം പ്രതി. 60
പരിചാരവധൂരതത്രയാ
പുരതോദത്തദൃശാ സുരക്ഷിതം
ദദൃശുഃ ക്ഷിതി ചക്രവത്തിതം
പരിതസ്താവദഹിംസയാ ധൃതം. 61
മധുരസ്മിതസുന്ദരാനനം
ധൃതസിന്ദൂരവിശേഷകാലികം
"മന്ന"നാ ച ത"ഥാഭവാ" ധൃതദ-
ക്ഷയപാർശ്വം കരുണാർദ്രലോചനം. 62
നവസപ്തതിവർഷവൃദ്ധമ-
പ്യനതിക്ഷീണവികസ്വരൌജസം
ബഹുകാര്യനിവിഷ്ടബുദ്ധിമ-
പ്യവധാനാതിശയാഢ്യമാനസം. 63
വിവൃതാവൃതമധ്യഹൃത്തട-
സ്ഥഘസക്താവരണോത്തരച്ഛദം
ചിരസംസ്തുതരാമനാഗകി-
ത്തന സഞ്ചാലിതദന്തവാസസം. 64
അവിലംബമവാപ്തവേദിക-
തലസോപാനതൃതീയപദ്ധതിം
തമവേക്ഷ്യ ജനാ ജയാരവം
കൃതവന്തോഞ്ജലിബന്ധബന്ധുരം. 65
സമസംഭ്രമസങ്കുലേക്ഷണേ
സമഭാവാപഹൃതാഖിലേന്ദ്രിയേ
കലിതാവസരഃ കലിദ്രുമഃ
കിലകശ്ചിത് ഖലരാഡുപാഗമത് 66

# ആനന്ദം പുറത്തല്ല— അകത്തുതന്നെ.

(സാഹിത്യകുശലൻ, പണ്ഡിതർ, ശ്രീ. പി. ഗോപാലൻനായർ.)

പാരിജാതം:—ആവട്ടെ നിങ്ങൾക്കെല്ലാം ആശ്വാസം തോന്നുന്നുവെന്നറിഞ്ഞു ഞാൻ സന്തോഷിക്കുന്നു. എന്റെ സന്ദർശനം നിങ്ങൾക്കു സന്തോഷാവഹമായിട്ടുണ്ടെങ്കിൽ നിങ്ങളോടു സംഭാഷണം ചെയ്യാനിടവന്നതിൽ എനിക്കും അധികം സന്തോഷമുണ്ടെന്നു ഞാൻ നിങ്ങളെ ധരിപ്പിക്കുന്നു. കാരണം, പ്രായേണ ജനങ്ങൾക്ക് പ്രാകൃതകാര്യങ്ങളെക്കുറിച്ചറിയേണമെന്നല്ലാതെ അപ്രാകൃതവും ആത്മകൊണ്ട് തന്നെ സത്യവും പരമസ്വഭാവവുമായ കാര്യത്തിൽ ശ്രദ്ധ ജനിക്കാറില്ലെന്നാണ് എന്റെ അനുഭവം. വിശേഷിച്ചു നിങ്ങൾക്ക ക്ഷേത്രങ്ങളിലും പ്രതിമാദികളിലും എന്നപോലെ ഈശ്വരനിൽതന്നെ വിശ്വാസമുണ്ടെന്നു ഇപ്പോൾ നിങ്ങളുടെ മുഖത്തിൽ നിന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. ഇപ്പോഴത്തെ കാലസ്ഥിതി ആ നിലയിൽനിന്നു എത്രയോ ദൂരെയായിട്ടാണ് സാമാന്യേന കാണപ്പെടുന്നതു്. എന്ത് ക്ഷേത്രം? ഏതീശ്വരൻ? ആരു കണ്ടു ഈശ്വരനെ? ജനങ്ങളെ വ്യാമോഹിപ്പിച്ചു പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരുപോലെ പൌരുഷത്തിൽ അവിശ്വാസത്തെ ജനിപ്പിച്ചു ലൌകികസുഖാസ

ഉപഹസ്തചതുഷ്ടയാന്തരം
പ്രഭവാമേതര പാർശ്വമാസ്ഥിതഃ
അഭിവന്ദ്യ സഗർവ്വഡംബരം
കിമപീത്ഥം സഗദാദനിഷ്ഠുരഃ 67
"നനുബാപ്പുജീ"നാ വിലംബിതം
കിമപി പ്രാർത്ഥനമണ്ഡപാഗമേ"
ദ്രുതമുത്തരിതം മഹാത്മനാ
"സമഭ്യുദയ്യ തഥ"തി സസ്മിതം. 68
ഇദമന്തരമാപ്യ ദുർമ്മതിഃ
സനിഗൂഢം നളികാസ്ത്രമാദരാൽ
നിചഖാന ച ഗോളകത്രയം
ജരഠേ ചൈകമഥാസ്യ വക്ഷസി. 69
സഹസാഗുരുസാദപാതത-
ക്ഷതമസ്ത്വിച്ഛുതയാ ജഡീകൃതം
ജനതാഹൃദയം നഭശ്ചതത്
ഘനഹാഹാരവപൂരിതാന്തരം 70
കിമിദം ധിഗിതി ക്ഷതക്ഷര-
ദ്രുധിരം വീക്ഷ്യ തതശ്ച തദ്വപുഃ
ജഡിതാം പതിതം ച മൂർച്ഛിതം
"മന്നൻ"ഗാന്ധ്യാ പരയാ ജനൈഃ സമം 71

(ബാക്കി അടുത്ത ലക്കത്തിൽ)

ധനങ്ങളായ ധനാർജ്ജനാദിവിഷയങ്ങളിൽ അശ്രദ്ധയെ ജനിപ്പിക്കുന്ന ആവക ശാസ്ത്രങ്ങളെല്ലാം കൃത്രിമങ്ങളാം. അവയെ വിശ്വസിക്കുന്നവർ വിചാരശൂന്യന്മാർ എന്നഭിപ്രായം ബലപ്പെട്ടുകൊണ്ടിരിക്കെ നിങ്ങൾ ഇതിൽനിന്നു മുക്തനായികാണപ്പെടുന്നതിൽ ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. നിങ്ങൾക്കു എന്നാൽ കഴിവുള്ള ഏതൊരു സഹായവും സന്തോഷപൂർവ്വം ഞാൻ ചെയ്യാം. നാമധേയങ്ങൾ എന്തിനായികല്പിക്കപ്പെട്ടു? സത്യമായ നാമങ്ങൾ ഒന്നുമില്ലേയോ? എന്നല്ലേ നിങ്ങളുടെ സംശയം. അതു തീർപ്പാൻ സാധിക്കും. അതിന്നധികം ഉള്ളിൽ കടക്കേണമെന്നില്ല. ശ്രദ്ധയാ കേൾക്കുവിൻ. നാമധേയങ്ങൾ കല്പിക്കപ്പെട്ടതു് കല്പിതരൂപങ്ങളെക്കുറിച്ചു വ്യവഹരിപ്പാനും ലോകയാത്ര നിർവ്വഹിപ്പാനുമാണ്. ലോകത്തിൽ എത്ര രൂപങ്ങൾ ഭിന്നഭിന്നങ്ങളായിട്ടു നിങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്യുന്നുണ്ടോ അത്ര നാമങ്ങളും കല്പിക്കപ്പെടാതെ ലോകയാത്ര സാദ്ധ്യമല്ല. രൂപങ്ങളെല്ലാം കല്പിതങ്ങളാണെന്നുകൂടെ നിങ്ങൾ ധരിക്കേണം. അതിലും സംശയമുണ്ടെങ്കിൽ യഥാവസരം ചോദിക്കുമ്പോൾ മറുപടിപറയാം. കല്പിതരൂപങ്ങൾക്കു കല്പിതനാമങ്ങൾ രണ്ടും കല്പിതങ്ങളാകയാൽ രണ്ടും സത്യമല്ല. സത്യമായതു് ഏതോ അതിന്നു നാമവുമില്ല രൂപവുമില്ല. എന്നാൽ അതിനെപ്പററിയും നിങ്ങളെപ്പോലെയുള്ള ജിജ്ഞാസുക്കളോടു സംഭാഷണം ചെയ്‌വാനായിട്ടു ആ വസ്തു സ്വതന്ത്രമാകയാൽ ജീവാനുഗ്രഹത്തിന്നുവേണ്ടി സ്വയമേവ നാമരൂപങ്ങളെ സ്വേച്ഛയാ ധരിച്ചിട്ടുണ്ടു്. അങ്ങിനെ ധരിച്ചിട്ടില്ലെങ്കിൽ ആ വസ്തുവിനെക്കുറിച്ചു സംസാരിപ്പാനോ മനസാ ചിന്തിപ്പാനോ ആർക്കും സാധിക്കയില്ല. ആ വസ്തുവിനെപ്പററി സംസാരിക്കയോ ചിന്തിക്കയോ ചെയ്യാതെ യാതൊരുത്തരുടെയും ദുഃഖത്തിന്നു നാശമോ സുഖാനുഭവമോ ഉണ്ടാകയുമില്ല. ആകയാൽ നാമരൂപങ്ങൾ കല്പിതങ്ങളാണെങ്കിലും ദുഃഖനിവൃത്തിക്കും സുഖപ്രാപ്തിക്കും അത്യാവശ്യങ്ങളാണെന്നും നിങ്ങൾ ധരിക്കേണം.

ദേവദത്തൻ:- ഹേ മഹാത്മൻ! ആരാണ് ഈ നാമരൂപങ്ങളെ കല്പിച്ചതു്? സ്വയമേവ സ്വേച്ഛയാ ജീവാനുഗ്രഹത്തിന്നുവേണ്ടി നാമരൂപങ്ങളെ ധരിച്ച ആ സ്വതന്ത്രവസ്തു ഏതാണെന്നും അതിന്റെ ഉച്ചാരണത്താലും ചിന്തയാലും ദുഃഖം നശിക്കുന്നതെങ്ങിനെയാണെന്നുംകൂടെ അരുളിച്ചെയ്തു് എന്നെ അനുഗ്രഹിക്കേണം. ദുഃഖത്തിന്നു നിവൃത്തിയുണ്ടെന്നും സുഖാനുഭവമുണ്ടാകുമെന്നുമുള്ള അങ്ങയുടെ ഉപദേശവാഗമൃതംതന്നെ എനിക്കു ആശ്വാസത്തെ തരുന്നുണ്ടു്. ആ ദിവ്യവസ്തു പ്രാപ്തിയും അതിന്നുള്ള മാർഗ്ഗവുംകൂടെ സ്പഷ്ടമായി കേൾപ്പിക്കുവാൻ കരുണയുണ്ടാകേണം എന്നു ഞാൻ നമസ്കാരപൂർവ്വം പ്രാർത്ഥിക്കുന്നു.

പാരിജാതം:- ആകട്ടെ, കേൾക്കേണമെന്നും അധ്യാനിച്ചു് ആ മാർഗ്ഗത്തിൽ സഞ്ചരിച്ചു സുഖം അനുഭവിക്കേണമെന്നും യഥാർത്ഥമായ ആഗ്രഹം നിങ്ങൾക്കുണ്ടായതു് ഭാഗ്യമാണ്. സുകൃതം ചെയ്യാത്തവർക്കു ഈ മാതിരി ആഗ്രഹം ഉണ്ടാകയില്ല. ഈ ലോകത്തിൽ ദുഃഖിതൻ നിങ്ങൾമാത്രമല്ല. ആർക്കാർക്കു ശരീരമുണ്ടോ അവർക്കെല്ലാം ദുഃഖവുമുണ്ടു്. നിങ്ങൾക്കു കുടുംബഭാരംകൊണ്ടോ അവരെ സംരക്ഷിപ്പാൻ ധനധാന്യാദി സമൃദ്ധി മതിയായവിധം ഇല്ലാത്തതുകൊണ്ടോ രോഗാദി ബാധകൾകൊണ്ടോ ഇഷ്ടജനവിയോഗാദികൾകൊണ്ടോ മറെറന്തുകാരണങ്ങൾകൊണ്ടോ ദുഃഖമുണ്ടായിരിക്കുന്നുവോ ആവക ദുഃഖങ്ങളില്ലാത്ത ഒരു ശരീരിയെ ഈ ഭൂലോകത്തിലോ സ്വർഗ്ഗത്തിലോ ഏതെങ്കിലും നിങ്ങൾകണ്ടിട്ടോ പുരാണങ്ങളിൽനിന്നു കേട്ടിട്ടോ ഉള്ള ഒരുലോകത്തിലും കാണ്മാനോ കേൾക്കാനോ നിങ്ങൾക്കു സാധിക്കയില്ല. അതുകൊണ്ടു നിങ്ങൾ മാത്രം ഇങ്ങിനെ ദുഃഖിക്കുന്നുവെന്നാണ് വിചാരിക്കുന്നതെങ്കിൽ അതു ശുദ്ധമേ അബദ്ധമാണ്. എന്തുകൊണ്ടു? ഏതു വിധത്തിൽ? എന്തൊരുതെളിവിനെ ആസ്പദിച്ചിട്ടാണ് ഞാനിങ്ങിനെ സകലലോക നിവാസികളും ദുഃഖിതന്മാരാണെന്നു ശാപമെന്നപോലെയുള്ള ഒരു കഠിനവിധികല്പിക്കുന്നതു് എന്ന ഭാവം നിങ്ങൾക്കുണ്ടെന്നു മുഖഭാവത്തിൽനിന്നു ഞാനൂഹിക്കുന്നു. അഥവാ നിങ്ങൾക്കങ്ങിനെ തോന്നുന്നുണ്ടെങ്കിൽ ഞാൻ നിങ്ങളെ കുററപ്പെടുത്തുന്നില്ല, അങ്ങിനെതോന്നുന്നതു് സാധാരണമാണ്. മനുഷ്യലോകത്തെക്കുറിച്ചു മാത്രമല്ല, സകലലോകനിവാസികളേയും ഉൾപ്പെടുത്തിട്ടാണ് സകലശരീരികളും ദുഃഖിതന്മാരാണെന്നു ഞാൻ പറഞ്ഞതു്. അതെങ്ങിനെ സാധുവാകും? അതിസുഖവാന്മാരായ പലരേയും നിങ്ങൾതന്നെ കണ്ടിരിക്കും. ബലവാന്മാർ, ധനവാന്മാർ, വിദ്വാന്മാർ, കുലീനന്മാർ എന്നുവേണ്ട ഭൂലോകത്തിൽ സാമന്തരാജാക്കന്മാർ, ചക്രവർത്തികൾ ഇങ്ങിനെ പലനിലയിൽ ബഹുജനങ്ങളാൽ സേവിക്കപ്പെടുന്നവരെ നിങ്ങൾ കണ്ടിട്ടും കേട്ടിട്ടും ഉണ്ടായിരിക്കാം. അവരുടെ നിലകിട്ടിയാൽ എത്രയോവലിയ ഭാഗ്യമായിയെന്നു വിചാരിക്കുന്നവരും

## *വെൽക നീ! വെൽക നീ! യാദർശദീപമേ!

[വിദ്വാൻ, ശ്രീ. പി. സി. എസ്സ്. നായർ]

വീരസൂവായൊരെൻ കേരളഭൂവിൻെറ
മാറിൽത്തിളങ്ങും മനോഹരഹീരമേ!
വെൽകനീ! വെൽകനീ! യാദർശദീപമേ!
വെൽകനീ! മാതൃഭൂസ്നേഹസർവ്വസ്വമേ!

ഭാമതൊട്ടുള്ളോരു ഭാമിനീമൌലിമാ-
രാമോദമോടേറ്റു കൈവിളക്കേന്തിയോ,
ഇക്കർമ്മഭൂമിതൻ ക്രൂരിരുൾപ്പാതകൾ
ഒക്കെയും ചിന്നുന്ന ഭാസുരമാക്കിയോ;
സ്വർഗ്ഗസ്ഥരാകുമവർ വഴിയ്ക്കുങ്ങ, നീ-
സർഗ്ഗമായാർജ്ജിച്ച സംസ്കാരമാന്നഹോ!
കേരളമെന്നല്ല; ഭാരതമെന്നല്ല;
പാരിതു കോരിത്തരിച്ചു നിൻപേരിനാൽ!

ആപാതമാത്രയിൽ "സ്ത്രീ" യെന്നൊരക്ഷര-
മാവഹിയ്ക്കുന്നതാ സ്നേഹസ്വരൂപമാം
വാസ്തവം താനിതെന്നാലുമേ നിസ്തുല്യ
വിക്രമത്തിങ്കലാ "സ്ത്രീത്വം" പൊട്ടുന്നനേ,

ചീറിയടുക്കുമനീതിക, ളേതുമേ
വീറോടെതിർത്തു തുരത്തിക്കളയുവാൻ,
പോരുന്നതാണെന്നു നീ, നിൻ ചരിത്രത്തിനാൽ
പാരിന്നു നീയിന്നുദാഹരിച്ചീലയോ?

വൈദേശികമായ ദുർഭരണത്തിനാൽ
വൈവശ്യമാർന്നുള്ള മാതൃഭൂവെജ്ജവാൽ
സ്വാതന്ത്ര്യസുന്ദരസ്വാരാജ്യസീമയിൽ
സ്വീതാദരത്തോടധിഷ്ഠിതയാക്കി നീ!
ഭാരതദേശീയസേനാധിനാഥയാം
വീരവനിതയായ് നീ ലസിപ്പീലയോ?
"നേതാജി" തന്നുററ സോദരിയായ്മുദാ
സ്വാതന്ത്ര്യകാഹളമൂതുവാളന്യയാർ?

പേരിനാൽ നീയൊരു "ലക്ഷ്മി" യാണെങ്കി
ഭാരതസൌഭാഗ്യലക്ഷ്മിതന്നേ ദൃഢം. (ലോ
വെൽക നീ! വെൽക നീ! രാഷ്ട്രാഭിമാനമേ!
വെൽക നീ! വെൽക നീ! യാദർശദീപമേ!

—o—

പലതുമുണ്ടായിരിക്കും. അതിനാൽ സവ്വതും ദുഃഖികൾ എന്നുള്ള എൻെറവാക്കിൽ നിങ്ങൾക്കു വിശ്വാസമോ അഥവാ സംശയമോ ഉണ്ടെങ്കിൽ തുറന്നുപറയുന്നതിൽ എനിക്കല്പവും അസുഖം തോന്നുകയില്ല. മാത്രമല്ല, ഞാൻ പറയുന്നതായ ഒന്നിനേയും പൂർണ്ണമായി സമ്മതിക്കത്തക്കതാണെന്നു നിസ്സംശമായി തോന്നിയാൽമാത്രമേ വിശ്വസിക്കാവൂവെന്നു പ്രത്യേകം ഞാൻ പറയുന്നു?

ദേവദത്തൻ:- ഹേ മഹാനുഭാവ! എനിക്കതിൽ പലതും ചോദിപ്പാനുണ്ട്. ഇപ്പോൾ സമയമുണ്ടോ എന്നരുളിച്ചെയ്യണം.

പാരിജാതം:-ശരി. സമയം സന്ധ്യയാകുന്നു. നമുക്കിപ്പോൾ പിരിയാം. നാളെ 9½ മുതൽ 12മണിവരെ ഈ അശ്വത്ഥനിഴലിൽ ഇരുന്നു സംസാരിക്കാം.

ദേവദത്തൻ:-നമസ്കാരം.

*കേണൽ ലക്ഷ്മി മുമ്പൊരിക്കൽ തൃശ്ശിവപേരൂർ സന്ദർശിച്ചപ്പോൾ എഴുതിയതാണിതു.


## ആവശ്യമുണ്ട്.

ഒറ്റവ്, വി. സി. ഇവരുടെ കവിതകളും കവനകൗമുദി, വിദ്യാവിനോദിനി, രസികരഞ്ജിനി മുതലായ സാഹിത്യമാസികകളുടെപഴയവാല്യങ്ങളും വിലയ്ക്ക് എടുപ്പാൻ ഒരുക്കമുണ്ട്.

കൂടുതൽ വിവരത്തിനെഴുതുക:—

പ്രയാർ, ശങ്കരൻനമ്പൂതിരി,
A. O. & P. O. കോഴഞ്ചേരി, തിരുവിതാംകൂർ.

# പ്രസാധകക്കുറിപ്പുകൾ.

## ഉള്ളൂരിന്റെ ദേഹസ്ഥിതി.

മഹാകവി ഉള്ളൂർ കുറച്ചുകാലമായി വാതരോഗത്താൽ കിടപ്പിലാണെന്നു, ആ മഹാശയന്റെ സുഖക്കേടു് ഉടനെ തീരെ മാറുവാൻ ഈശ്വരപ്രാൎത്ഥന നടത്തേണ്ടതു ഭാഷാപ്രണയികളായ സകലരുടെയും മുഖ്യമായ ഒരു കൎമ്മമാണെന്നും ഞങ്ങൾ മുമ്പൊരിക്കൽ പ്രസ്താവിച്ചിരുന്നു. അദ്ദേഹത്തിന്നു നേരിട്ട ദേഹാസ്വാസ്ഥ്യം തീരെ ശമിക്കുവാൻ ഞങ്ങൾ ദൈവത്തോടു അഭ്യൎത്ഥിക്കുകയുംപതിവാണു്. ഇതിനിടെ അദ്ദേഹം സ്നേഹപൂൎവ്വം ഞങ്ങൾക്കയച്ച ഒരു കത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:— "എന്റെ രോഗം മുഴുവൻ ഭേദമായില്ലെങ്കിലും അല്പമൊരാശ്വാസമുണ്ടു്. ലേഖനമെഴുതാറായില്ല. രണ്ടു ശ്ലോകങ്ങൾ താഴെ ഉദ്ധരിക്കുന്നു. വേണമെങ്കിൽ ചേൎക്കാം." പ്രസ്തുത രണ്ടു ശ്ലോകങ്ങളിൽ ഒന്നാണു, ഞങ്ങൾ ഈ ലക്കത്തിൽ മംഗളമായി കൊടുത്തിട്ടുള്ളതു്.

"ഗുരുവായുപുരേശ! വാതരോഗം
പെരുതായെന്നെ വലച്ചു; ഞാൻ കുഴങ്ങി
പെരുമാറണമെന്നിലല്പമങ്ങേ-
ക്കരുണാൎദ്രങ്ങൾ കടാക്ഷവീക്ഷണങ്ങൾ"

എന്ന പദ്യമാണു് മറേറതു്. ദീനക്കിടയ്ക്കയിൽ കിടന്നുകൊണ്ടു അദ്ദേഹം നടത്തുന്ന ഇത്തരം പ്രാൎത്ഥനകൾക്കു, ഭാഷാഭിമാനികളായ പലരുടെയും ഒത്തൊരുമിച്ചുള്ള അഭ്യൎത്ഥനകൾക്കും ഫലപ്രാപ്തി കാണുന്നുണ്ടെന്നു അദ്ദേഹത്തിന്റെ കത്തിൽനിന്നു ഏതാണ്ടു വിശദമാകുന്നുണ്ടു്. ഈ നിലയ്ക്കു്, ഗുരുവായൂരപ്പന്റെ കാരുണ്യത്താൽ മഹാമനസ്കനും, ഭക്തനുമായ അദ്ദേഹത്തിന്നു ഒട്ടും താമസിയാതെ പൂൎണ്ണസുഖം ലബ്ധമാകുമെന്നു ഞങ്ങൾ ആത്മാൎത്ഥമായിആശിക്കുന്നു.

## ബീഹാറിലെ പ്രാഥമിക വിദ്യാഭ്യാസം.

ബീഹാർ ഗവൎമ്മേണ്ടു് ആ സംസ്ഥാനത്തൊട്ടാകെ സൌജന്യപ്രാഥമികവിദ്യാഭ്യാസം നടപ്പിൽ വരുത്തുവാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നു. ആകെ ബീഹാർസംസ്ഥാനത്തു് 22,000 പ്രാഥമിക പാഠശാലകൾ ഉണ്ടു്. ബീഹാറിലെ പ്രധാനമന്ത്രി ശ്രീകൃഷ്ണസിൻഹ ഈ സംഗതി ഇതിനിടെ പ്രഖ്യാപിച്ചതിന്നുപുറമേ, സംസ്ഥാനത്തിലെ അദ്ധ്യാപകന്മാരുടെ ശമ്പളവും സംതൃപ്തികരമായ നിലയിൽ വൎദ്ധിപ്പിക്കുവാൻ ഗവൎമ്മേണ്ടു നടവടികൾ എടുത്തുവരുന്നതായും പ്രസ്താവിച്ചിരിക്കുന്നു. ഏതൊരു ജനപദത്തിന്നും വിദ്യാഭ്യാസപരമായ അഭിവൃദ്ധിയെ പ്രാപിച്ചാലല്ലാതെ ക്രമേണ സാംസ്കാരികമായ പല നേട്ടങ്ങൾക്കും സംഗതിവരികയില്ലെന്നുള്ളതു അക്ഷരംപ്രതി പരമാൎത്ഥമാണു്. ആ നിലയ്ക്കു്, ബീഹാറിൽ വിദ്യാഭ്യാസാഭിവൃദ്ധിയെ പുരസ്കരിച്ചു ചെയ്യപ്പെടുന്ന പരിഷ്കാരങ്ങൾ പ്രശംസാൎഹമാണെന്നു സമ്മതിച്ചേ കഴിയൂ. വിശേഷിച്ചു്, ഏററവും മഹത്തായ അദ്ധ്യാപകവൃത്തിയിലേൎപ്പെട്ടിരിക്കുന്നവൎക്കു സംതൃപ്തികരമായ പ്രോത്സാഹനം നൽകാതെ വിദ്യാഭ്യാസത്തിന്നു പുരോഗതി സിദ്ധിക്കയില്ലെന്നുള്ള തത്വത്തെആസ്പദിച്ചു ആ സംസ്ഥാനത്തു അദ്ധ്യാപകന്മാരുടെ കാൎയ്യത്തിൽ പ്രത്യേകം ആനുകൂല്യം പ്രദൎശിപ്പിക്കുന്നതു എല്ലാനിലയിലും ആശാസ്യമാണെന്നു പറയാം.

## ലണ്ടൻവിദ്യാൎത്ഥികൾക്കു ലൈംഗികവിജ്ഞാനം.

ലണ്ടനിലെ പാഠശാലകളിലൊട്ടാകെഎല്ലാപ്രായത്തിലുമുള്ള വിദ്യാൎത്ഥികൾക്കും ലൈംഗികവിഷയത്തിൽ പ്രധാനമായ പല സംഗതികളും മനസ്സിലാക്കിക്കൊടുക്കുവാൻ തക്കനിലയിൽ വിദ്യാൎത്ഥികളുടെ സാമാന്യജ്ഞാനത്തിൽ ഒരു വിഭാഗമായി പ്രസ്തുതവിഷയത്തിൽ വേണ്ടവിധത്തിലുള്ള പഠിപ്പു നൽകുവാൻ അവിടത്തെ വിദ്യാഭ്യാസാധികൃതന്മാർ തീൎച്ചപ്പെടുത്തിയിരിക്കുന്നു. പ്രകൃത വിദ്യാഭ്യാസസംബന്ധമായുള്ള പ്രവൎത്തനം ഏതു പ്രത്യേകരീതിയിലാണു ആരംഭിക്കേണ്ടതെന്നുള്ള സംഗതികളെ വിശദമാക്കിക്കൊണ്ടുള്ള ഉപദേശസംഗ്രഹമടങ്ങിയ ലഘുലേഖകൾ താമസിയാതെ ലണ്ടനിലെഎല്ലാപാഠശാലാധികൃതന്മാൎക്കും നൽകുന്നതായിരിക്കും. ലൈംഗികവിദ്യാഭ്യാസവും കാലാനുകൂലമായ സാമാന്യവിദ്യാഭ്യാസപദ്ധതിയിൽ ഉ

ൾപ്പെടുത്തേണ്ടതാണെന്നു ഇന്നു വിദഗ്ദ്ധവിദ്യാഭ്യാസതത്വജ്ഞന്മാരായ പലരുടെയും ഇടയിലുള്ള ഒരഭിപ്രായത്തിന്നു ലണ്ടൻ വിദ്യാഭ്യാസകേന്ദ്രങ്ങളിൽ സാരമായ അംഗീകരണം ലഭിച്ചിട്ടുണ്ടെന്നാണു ഇതിൽനിന്നു മനസ്സിലാക്കേണ്ടതു്.

## പെനിസിലിൻ നിർമ്മാണശാല.

ബോമ്പെപട്ടണത്തിൽ ഏതാണ്ടു രണ്ടുമാസകാലത്തിന്നുള്ളിൽ പെനിസിലിൻ നിർമ്മാണത്തിന്നായി ഒരു യന്ത്രശാല സ്ഥാപിക്കുന്നതാണെന്നു ഇന്ത്യാഗവർമ്മെണ്ടു് തീർപ്പു് ചെയ്തിരിക്കുന്നതായി അറിയുന്നു. ആ യന്ത്രശാലാസ്ഥാപനത്തിന്റെ ഫലം മൂന്നുകൊല്ലത്തിന്നുള്ളിൽ കാണ്മാനിടയാകുമെന്നും, രണ്ടുകോടി ഉറുപ്പികയോളം അതിന്നുവേണ്ടി ചെലവാക്കേണ്ടിവരുമെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു. പെനിസിലിന്നുപുറമെ മലമ്പനിയ്ക്കു പററിയ ചില ഔഷധങ്ങളും മററും ആ യന്ത്രശാല വഴിയായി ലഭിക്കുവാനുമിടയുണ്ടെന്നു പറയപ്പെടുന്നു. ഇതിന്നിടെ ഇന്ത്യാഗവർമ്മെണ്ടിന്നു, ഈ രാജ്യസന്ദർശനത്തിന്നു വന്നിരുന്ന സ്വീഡനിലെ മൂന്നു പെനിസിലിൻ നിർമ്മാണവിദഗ്ദ്ധന്മാർ ആ വിഷയത്തിൽ പല ഉപദേശങ്ങളും നൽകുകയുണ്ടായി. തൽഫലമായുണ്ടായ തീർപ്പനുസരിച്ചാണു ബോമ്പെ പട്ടണത്തിൽ പെനിസിലിൻ നിർമ്മാണശാല സ്ഥാപിക്കുവാൻ പോകുന്നതു്. സാമാന്യേന സകല രോഗങ്ങൾക്കും ഒരു സിദ്ധൗഷധമായിക്കരുതപ്പെടുന്ന പെനിസിലിൻ നമ്മുടെ രാജ്യത്തുതന്നെ ഉണ്ടാക്കുവാനായി ഏർപ്പാടുചെയ്യുവാൻ ഇന്ത്യാഗവർമ്മെണ്ടിന്നു ഉത്സുകതയുണ്ടെന്നു കാണുന്നതു പരക്കെ സന്തോഷാവഹമായ ഒരു സംഗതിയാണ്.

## ഭക്ഷ്യോല്പാദനത്തിൽ വർദ്ധന.

1948ൽ ലോകത്തൊട്ടാകെ ഭക്ഷ്യോല്പാദനത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ടെന്നും, അതിനാൽ ഈ വർഷത്തിൽ കൂടുതൽ ഭക്ഷ്യപദാർത്ഥങ്ങൾ ലഭിക്കുമെന്നു അനേകകോടിജനങ്ങൾക്കാശിക്കാവുന്നതാണെന്നും, ഐക്യരാഷ്ട്രസാമ്പത്തികവകുപ്പ്, 1948ൽ ലോകത്തുണ്ടായിട്ടുള്ള സാമ്പത്തിക പരിവർത്തനത്തെ പുരസ്കരിച്ചു് തയ്യാറാക്കിയിരിക്കുന്ന റിപ്പോർട്ടിൽ പറയുന്നു. ഭൂമുഖത്തിന്റെ ഏതുഭാഗത്തും കഴിഞ്ഞ കൊല്ലത്തിൽ വലിയ വിളവെടുപ്പാണുണ്ടായിട്ടുള്ളതെന്നു റിപ്പോർട്ടു് വെളിപ്പെടുത്തുന്നു. 1948—1949 വർഷങ്ങളെ സംബന്ധിച്ചേടത്തോളം ഇതു് ഏററവും വലിയൊരു സാമ്പത്തികാഭിവൃദ്ധിയാണെന്നും, 1931 നുശേഷം, ഇത്രയും ഭക്ഷ്യോല്പാദനം വർദ്ധിച്ച മററൊരു വത്സരമുണ്ടായിരുന്നില്ലെന്നും റിപ്പോർട്ടിൽ പറയുന്നുണ്ടു്.

## സ്വന്തം കാര്യം.

പാരിജാതത്തിന്റെ ധനുമാസലക്കം ഇപ്പോൾ പുറത്തിറക്കുവാൻ കഴിഞ്ഞുള്ളുവെന്നുള്ളതു ഞങ്ങൾക്കു അശേഷം തൃപ്തികരമായ ഒരു കാര്യമല്ല. അച്ചുകൂടത്തിലേയ്ക്കത്യാവശ്യമായ ചില സാമഗ്രികൾക്കു ചു[illegible]ട്ടം തട്ടിയതിനാൽ അവ ശരിപ്പെടുത്തുവാനും, അതോടുകൂടി അച്ചുകൂടം ഇപ്പോൾ സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽനിന്നു കൂടുതൽ സൌകര്യാർത്ഥം മാററി മററൊരു കെട്ടിടത്തിലേയ്ക്കു കൊണ്ടുപോകുവാനുമുള്ള ശ്രമങ്ങൾകൊണ്ടാണു പാരിജാതത്തിന്നു ഇങ്ങിനെ മന്ദസഞ്ചാരത്തിന്നിടവന്നുപോയതു്. ഇപ്രകാരം ഓരോ കാരണത്താൽ ഇടയ്ക്കിടയ്ക്കു മാസികപുറത്തിറങ്ങുവാൻ താമസം വരുന്നതു ഞങ്ങൾക്കു നിസ്സീമമായ വ്യസനത്തിന്നും ലജ്ജയ്ക്കും ഇടവരുത്തുന്നുണ്ടെന്നുമാത്രമല്ല, മാന്യവരിക്കാർക്കു അങ്ങിനെയുള്ള സംഗതി വലിയ ഇച്ഛാഭംഗത്തിന്നും, ഞങ്ങളോടുള്ള തൃപ്തിക്കുറവിന്നും വഴിയാക്കുന്നുണ്ടെന്നും ഞങ്ങൾക്കറിയാം. പാരിജാതം മുടക്കമൊന്നും കൂടാതെ ശരിക്കു നടത്തിക്കൊണ്ടുപോകണമെന്നുള്ള ഞങ്ങളുടെ ആത്മാർത്ഥമായ ആശയ്ക്കനുസരിച്ചു കേരളത്തിലെ പേരും പെരുമയുമുള്ള മിക്ക സാഹിത്യനായകന്മാരും ഞങ്ങളെ ഉള്ളഴിഞ്ഞു സഹായിക്കുന്നുണ്ടെന്നുള്ളതു ഞങ്ങൾക്കു പ്രത്യേകം പ്രോത്സാഹനജനകമാകയാൽ, ഇപ്പോൾ വന്നുപോയ താമസം ഇനി വരാതെയും, മകരം കുംഭം ലക്കങ്ങൾ ഉടനെ പുറപ്പെടുവിച്ചു ഞങ്ങൾ കൃത്യനിരതരാണെന്നു മാന്യവരിക്കാരെ ബോദ്ധ്യപ്പെടുത്തുവാൻ ഞങ്ങൾ പ്രത്യേകം ശ്രമിക്കതന്നെ ചെയ്യുന്നുണ്ടു്. എന്നാൽ ഇക്കാര്യത്തിന്നെല്ലാം വരിസംഖ്യ ബാക്കിവെച്ചിട്ടുള്ള മാന്യവരിക്കാരുടെ സഹായസഹകരണങ്ങൾ അത്യന്താപേക്ഷിതമാണു്. ഞങ്ങൾ കത്തുകൾ മൂലവും മാസികവഴിയായും ചെയ്യുന്ന വിനയപൂർവ്വകമായ അഭ്യർത്ഥനകളെക്കൂടി തീരെ ഗൌനിക്കാതെ പല മാന്യവരിക്കാരും ഞങ്ങളെ ആശാഭഗ്നരാക്കുന്നുവെന്നു തുറന്നുപറഞ്ഞുകഴിയൂ. ആ മാന്യന്മാർ ഇനിയെങ്കിലും തങ്ങൾ അടയ്ക്കേണ്ട വരിസംഖ്യ ഉടനടി അയച്ചു ഞങ്ങളെ സഹായിക്കുകയാണുവേണ്ടതെന്നുള്ള ധർമ്മബോധം അവർക്കുണ്ടാകാത്തതിൽ ഞങ്ങൾ ഏററവും പരിതപിച്ചുകൊള്ളട്ടെ. ഞങ്ങളുടെ ഈ അഭ്യർത്ഥനയെങ്കിലും അവരുടെ മനസ്സിന്നു അലിവുണ്ടാകുവാൻ സർവ്വശക്തൻ സംഗതി വരുത്തട്ടെ.

—o—